# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 36 ലക്കം നവംബർ 2017 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്

ക്രിസ്തുമസ് ആശംസകൾ....



വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന
പ്രത്യാശ ഞങ്ങൾക്ക് നല്കണമേ.



എന്നെ കാക്കുന്ന
കർത്താവിന്റെ മാലാഖയെ,
അങ്ങേയ്ക്ക് ഏൽപ്പിച്ചിരിക്കുന്ന
എന്നെ അങ്ങയുടെ
കരങ്ങളിൽ താങ്ങണമേ.
എന്നെ നയിക്കുകയും
ഭരിക്കുകയും
എന്റെ വഴികളെ
പ്രകാശിപ്പിക്കുകയും
ചെയ്യണമേ, ആമ്മേൻ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 36 മംഗളവാർത്ത ലക്കം നവംബർ 2017


"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**



വാർഷിക വരിസംഖ്യ ₹ 100/-

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. **Tel: 2570862**
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- 'അമ്മനു ഏൽ' അനുഭവം: മാനവസാഫല്യം 5
- മനുഷ്യാവതാരം: രക്ഷാകരസ്നേഹത്തിന്റെ അവതാരം 7
- നിശബ്ദജീവിതങ്ങൾ 10
- കാരുണ്യസംസ്കാരം പ്രോത്സാഹിപ്പിക്കുക 13
- ദൈവം ചേർത്തുവച്ച കൈകൾ 15
- വിശുദ്ധിയുടെ മുത്തുകൾക്ക് 18-19
- നിന്റെ ഹിതം എന്നിൽ നിറവേറട്ടെ 20
- വിശ്വാസം ഒരു തീർത്ഥാടനം 22
- ബന്ധമെവിടെ.... സ്വന്തമെവിടെ? 25
- സമ്പൂർണ്ണ സമർപ്പണം 27
- വാർദ്ധക്യത്തെ വസന്തമാക്കണം 28
- സെനക്കിൾ തരംഗം 31
- തിടുക്കത്തിന്റെ ഫോർമുല 32
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 34

എഡിറ്റോറിയൽ

# വഴികാട്ടിയായ നക്ഷത്രം

"കിഴക്കുകണ്ട നക്ഷത്രം അവർക്കുമുമ്പേ നീങ്ങിക്കൊണ്ടിരുന്നു. അതു ശിശു കിടക്കുന്ന സ്ഥലത്തിനു മുകളിൽ വന്നുനിന്നു. നക്ഷത്രം കണ്ടപ്പോൾ അവർ അത്യധികം സന്തോഷിച്ചു" (മത്താ 2,9-10). യഹൂദരുടെ രാജാവായി ജനിച്ച ഈശോയെ കണ്ട് ആരാധിക്കാൻവേണ്ടി പൗരസ്ത്യദേശത്തുനിന്ന് ജറുസലേമിലെത്തിയ ജ്ഞാനികളാണ് നക്ഷത്രം കണ്ട് സന്തോഷിച്ചത്. നക്ഷത്രം അവർക്ക് ഈശോയിലേക്കുള്ള വഴികാട്ടിയായിരുന്നു - ദൈവപിതാവ് മനുഷ്യവംശത്തിനു നല്കിയ അമൂല്യമായ സമ്മാനത്തിലേക്കുള്ള വഴികാട്ടി; മനുഷ്യനോടുള്ള ദൈവത്തിന്റെ അവർണനീയവും അനുപമവും അനന്തവും അപരിമേയവുമായ സ്നേഹത്തിന്റെ അവതാരത്തിലേക്കുള്ള വഴികാട്ടി.

ഇത് മംഗലവാർത്തക്കാലം... രക്ഷകന്റെ തിരുപ്പിറവിക്കായി ഒരുങ്ങുന്ന ഈ കാലയളവിൽ തന്റെ മക്കൾക്ക് വിചിന്തനത്തിനായി സഭാമാതാവ് വിളമ്പുന്ന വിരുന്നിൽ വിഭവങ്ങൾ വളരെയാണ്. ഈശോയുടെ മനുഷ്യാവതാരത്തിനു പശ്ചാത്തലമൊരുക്കിയ മനുഷ്യസൃഷ്ടി, ആദിമാതാപിതാക്കളുടെ വീഴ്ച, ദൈവം നല്കിയ രക്ഷയുടെ വാഗ്ദാനം, രക്ഷകനെക്കുറിച്ചുള്ള പഴയനിയമപ്രവചനങ്ങളും അവയുടെ പൂർത്തീകരണവും, രക്ഷാകരചരിത്രത്തിൽ പരി. കന്യകാമറിയത്തിനും വി. യൗസേപ്പു പിതാവിനുമുള്ള പങ്ക്, ഈശോയുടെ മുന്നോടിയായ സ്നാപകയോഹന്നാന്റെ ജനനം, ഈശോയുടെ രഹസ്യജീവിതം തുടങ്ങിയ ചിന്താമൃത് ഈ കാലത്ത് ആത്മാവിന് വിരുന്നാകുമ്പോൾ, ജ്ഞാനികൾക്കു വഴികാട്ടിയായ തിളങ്ങുന്ന നക്ഷത്രത്തെയും നമുക്കു മറക്കാതിരിക്കാം. കാരണം, ക്രൈസ്തവരായ നാമോരോരുത്തരുടെയും വിളിയാണ് ഈ നക്ഷത്രം നമ്മെ ഓർമ്മിപ്പിക്കുന്നത്.

വഴി കാട്ടാനുള്ള വിളിയാണത്...

ദൈവത്തിന്റെ സ്നേഹത്തിലേക്ക്, ഓരോരുത്തർക്കും അവിടുന്നു നല്കുന്ന വ്യക്തിപരമായ കരുതലിന്റെയും രക്ഷയുടെയും ഓർമ്മയിലേക്ക്, 'എമ്മാനുവേൽ' എന്ന പേരു സൂചിപ്പിക്കുന്ന ദൈവത്തിന്റെ വിട്ടുപിരിയാത്ത സൗഹൃദത്തിലേക്ക് എല്ലാവരെയും ആനയിക്കാൻവേണ്ടിയുള്ള, ജ്വലിക്കുന്ന ഒരു നക്ഷത്രമാകാനുള്ള, വിളി... ഇങ്ങനെ ശോഭയേറിയ ഒരു നക്ഷത്രമാകണമെങ്കിൽ ആദ്യം നാംതന്നെ ദൈവസ്നേഹത്തിന്റെ അപാരതകളിലേക്ക് ആഴ്ന്നിറങ്ങണം. ദിവ്യപൈതലിനെ സ്വീകരിക്കാനൊരുങ്ങുന്ന ഈ ദിവസങ്ങൾ അതിനുള്ള ഒരു പരിശ്രമമായിത്തീരട്ടെ... തിരുപ്പിറവിയുടെ ആശംസകൾ...

ചീഫ് എഡിറ്റർ



# "അമ്മനു ഏൽ" അനുഭവം: മാനവസാഫല്യം

**സി. എലിസബത്ത് കൊച്ചുമഠത്തിൽ**
ബേസ് തോമാ ദയറ, പാലമറ്റം

പൗരസ്ത്യസുറിയാനി ആരാധനക്രമവത്സരത്തിലെ ആദ്യത്തെ കാലമാണ് സൂബാറാക്കാലം. സൂബാറാ എന്ന സുറിയാനി വാക്കിന്റെ അർത്ഥം അറിയിപ്പ്, പ്രഖ്യാപനം, പ്രഘോഷണം എന്നൊക്കെയാണ്.

ചരിത്രത്തിന്റെ അധിനാഥനും രക്ഷകനുമായ ഈശോമിശിഹായുടെ പിറവിത്തിരുനാൾ (യൽദാ) ഇന്നും മനുഷ്യമനസ്സിൽ പുതിയ ഉണർവ്വും ഉത്സാഹവും സന്തോഷവും നല്കുന്നു. മറിയത്തോട് അറിയിക്കപ്പെട്ട രക്ഷകന്റെ ജനനവാർത്ത മനുഷ്യകുലത്തിനു ലഭിച്ച ഏറ്റവും വലിയ മംഗളവാർത്തയായിരുന്നു. ദൈവം മനുഷ്യനു നല്കിയിട്ടുള്ള ഏറ്റവും വലിയ ദാനമാണ് മനുഷ്യാവതാരം. തന്റെ പ്രിയപുത്രനെ നല്കുവാൻ തക്കവണ്ണം ലോകത്തെ അത്രയധികം സ്നേഹിച്ച (യോഹ 3,16) പിതാവായ ദൈവത്തിന്റെ സ്നേഹത്തിന്റെ വെളിപ്പെടുത്തലാണ് പിറവിത്തിരുനാളിൽ നാം കാണുന്നത്.

അനാദിമുതൽ ദൈവത്തോടുകൂടെയായിരുന്നവനും സൃഷ്ടിയുടെ അവസരത്തിൽ പിതാവിനോടുകൂടെ സഹകരിച്ചവനുമായ വചനം, ഇതാ മാംസം ധരിച്ചു മനുഷ്യനായി നമ്മുടെയിടയിൽ വസിച്ചു. മനുഷ്യബുദ്ധിയ്ക്ക് ഉൾക്കൊള്ളാൻ പ്രയാസമുള്ള ഒരു സത്യമാണ് ദൈവം യഥാർത്ഥത്തിൽ മനുഷ്യനായി നമ്മുടെയിടയിൽ വസിച്ചുവെന്നുള്ളത്. അതായത്, ദൈവം "അമ്മനു ഏൽ" (ദൈവം നമ്മോടു




കൂടെ) ആയിത്തീർന്ന സത്യം വിശ്വസിക്കുന്ന ഹൃദയത്തിനു മാത്രമേ ഗ്രഹിക്കാനാവൂ. നമ്മുടെ കർത്താവിന്റെ പിറവിത്തിരുനാൾ ഒരു സദ്‌വാർത്തയാണ്. ഒരു നാടിനോ, ജനതയ്ക്കോ, കാലഘട്ടത്തിനോ മാത്രമുള്ളതല്ല, സർവ്വ ജനങ്ങൾക്കുംവേണ്ടിയുള്ള സന്തോഷത്തിന്റെ സദ്‌വാർത്തയാണ് മാലാകാമാർ ആലപിച്ചത്. "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും നല്ല പ്രത്യാശയും".

ഭൂവാസികളായ നമുക്ക് സമാധാനവും പ്രത്യാശയും നല്കുവാനായി സ്രഷ്ടാവായ ദൈവം സൃഷ്ടിയായപ്പോൾ മനുഷ്യനാകുകയാണു ചെയ്തത്. തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടു എന്നതിൽത്തന്നെ 'മനുഷ്യന്' അമൂല്യമായ മഹത്ത്വം ദൈവം കൊടുത്തു. പൗരസ്ത്യസുറിയാനി സഭാപിതാവായ മാർ അപ്രേം സഭാഗീതത്തിൽ ഇപ്രകാരം പറയുന്നുണ്ട്: "അവൻ പ്രതീകങ്ങളാകുന്ന വസ്ത്രങ്ങൾ ഉരിഞ്ഞുമാറ്റി, ഇറങ്ങിവന്ന് മനുഷ്യശരീരം എടുത്തു ധരിച്ചു. ആ പുതിയ ശരീരത്തിൽ അവൻ വസിക്കുകയും ചെയ്തു". സ്വർഗ്ഗം ഭൂമിയിലേക്ക് ഇറങ്ങിവന്നു നമ്മോടുകൂടെയായിത്തീർന്നു. സ്വർഗ്ഗവാസികളും ഭൂവാസികളും ഒന്നുചേർന്ന് പരസ്പരം രമ്യതയിലായിത്തീർന്നതിന്റെ ആനന്ദമാണ് പിറവിത്തിരുനാളിലൂടെ കരഗതമായത്.

തന്റെ ഏകപുത്രനെ നമുക്കായി സമ്മാനിച്ച പിതാവായ ദൈവത്തിന്റെ അവർണ്ണനീയ സ്നേഹത്തിന് ആദ്യം ആമ്മേൻ പറഞ്ഞത് പരിശുദ്ധ കന്യകാമറിയമാണ്. അവിടുത്തെ രക്ഷാകരരഹസ്യത്തോട് ഏറ്റവും അടുത്ത് സഹകരിച്ച പരിശുദ്ധ അമ്മയെ സൂബാറാക്കാലത്തിൽ നാം പ്രത്യേകമായി അനുസ്മരിക്കുന്നുണ്ട്. 'ഇതാ, കർത്താവിന്റെ ദാസി' എന്ന കന്യകാമറിയത്തിന്റെ വാക്കുകൾ അഗാധമായ എളിമയുടെ ഉൽക്കടമായ നിദർശനമാണ്. മറിയം ഒരു ദാസിയെപ്പോലെ ദൈവത്തിന്റെ ഹിതം എന്തുതന്നെയായാലും അതനുവർത്തിക്കുവാൻ തയ്യാറാകുകയാണ്. പ്രപഞ്ചഗോളങ്ങളെ കൈവിരൽത്തുമ്പാൽ നയിക്കുന്ന ദൈവത്തിന് തന്റെ മഹിമയെല്ലാം മാറ്റിവച്ച് കേവലമൊരു 'ദാസന്റെ' രൂപം ധരിക്കാൻ ഒരു ദാസിയുടെ ഉദരം ആവശ്യമായിരുന്നു. സ്വർഗ്ഗവും ഭൂമിയും നിറഞ്ഞുനിന്ന ദൈവം കേവലമൊരു മനുഷ്യസ്ത്രീയുടെ ഉദരത്തിൽ ഒതുങ്ങിക്കൂടി. സമയത്തിന്റെ പൂർണ്ണതയിൽ അവൾ രക്ഷകനെ ലോകത്തിനു പ്രദാനം ചെയ്തുകൊണ്ട് എല്ലാവരുടെയും അമ്മയായിത്തീർന്നു.

മാനവസൗന്ദര്യത്തിനോ, സമ്പത്തിനോ, സ്ഥാനമാനങ്ങൾക്കോ, അധികാരത്തിനോ, പ്രതാപത്തിനോ ഒന്നും സ്വർഗ്ഗത്തിന്റെ രാജാവിനെ വിളിച്ചിറക്കാനോ മാംസം ധരിപ്പിക്കാനോ സാധിച്ചില്ല. എന്നാൽ പരിശുദ്ധ അമ്മയുടെ വിധേയപൂർവ്വമായ വിശ്വാസവും അഗാധമായ വിനയവും ദൈവപുത്രന് ഭൂമിയിൽ പിറക്കുവാൻ അവളുടെ ഉദരത്തിൽ സ്ഥലം സജ്ജമാക്കി. പരിശുദ്ധ അമ്മയുടെ ഉദരത്തെ 'കൊട്ടാരം' (ബിർത്താ) എന്ന് വിശേഷിപ്പിക്കാറുണ്ട്. ദൈവത്തിന്റെ തിരുവിഷ്ടം നിറവേറ്റുവാൻ ദാസിയായിത്തീർന്ന അവൾ, സ്വർഗ്ഗീയ രാജാവിനു ജന്മം നല്കിക്കൊണ്ട് രാജകുമാരിയായിത്തീർന്നു. സർപ്പത്തിന്റെ തേൻമൊഴികൾ കേട്ട ആദ്യഹവ്വാ സ്വർഗ്ഗത്തിന്റെ കവാടം അടച്ചുവെങ്കിൽ, ദൈവത്തിന്റെ വചനംകേട്ട രണ്ടാം ഹവ്വായായ മറിയം സ്വർഗ്ഗത്തിന്റെ കവാടം തുറന്നുതന്നു. അങ്ങനെ ദൈവത്തിനും മനുഷ്യർക്കുമിടയിലുള്ള കോപത്തിന്റെ മതിലുകൾ തകർത്ത് ദൈവസ്നേഹത്തിന്റെ ഗോവണി തീർക്കുവാൻ അവൾക്കു സാധിച്ചു. സ്വർഗ്ഗത്തെയും ഭൂമിയെയും ഒന്നിപ്പിക്കുന്ന ഗോവണിയാണ് കന്യകാമറിയം. ഈ സ്വർഗ്ഗസൗഭാഗ്യത്തിന് അവളെ അർഹയാക്കിയത് അവളുടെ ഹൃദയത്തിൽ നിറഞ്ഞുനിന്ന എളിമയാണ്. എളിമയുള്ള അവളുടെ ഹൃദയത്തിൽ ദൈവം വസിച്ചു. അവളുടെ ഹൃദയം ദൈവാലയമായി മാറി. അങ്ങനെ ദൈവവചനത്തെ തന്റെ ഹൃദയത്തിൽ സ്വീകരിച്ച് മനനം ചെയ്ത് വചനോപാസികയായി മാറിയ പരിശുദ്ധ അമ്മ മാതാവും ഗുരുനാഥയുമാണ്. ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ല എന്ന് സ്വജീവിതത്തിലൂടെ കാണിച്ചുതന്ന പരിശുദ്ധ അമ്മയുടെ മാതൃക സ്വീകരിച്ചുകൊണ്ട് ജീവിതത്തിലെ ഏതു പ്രതിസന്ധി ഘട്ടങ്ങളിലും വിശ്വാസത്തിലധിഷ്ഠിതമായ ജീവിതം നയിക്കുവാനും വചനത്തെ ഹൃദയത്തിൽ സ്വീകരിച്ച് നിരന്തരം ധ്യാനിക്കുവാനും അതുവഴി അമ്മനു ഏൽ അനുഭവത്തിന്റെ ആഴങ്ങളിലെത്തുവാനും സൂബാറാക്കാലം നമ്മെ ആഹ്വാനം ചെയ്യുന്നു.

സെനക്കിൾ ആദ്ധ്യാത്മികത – 46



# മനുഷ്യാവതാരം: രക്ഷാകരസ്നേഹത്തിന്റെ അവതാരം

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

സെനക്കിളിലേക്ക് ഈശോ പ്രവേശിക്കുന്നതിന് ആമുഖമായി വി. യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്ന വാചകം വളരെ അർത്ഥവത്താണ്; ചിന്തോദ്ദീപകമാണ്: "ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനുമുമ്പ് ഈശോ അറിഞ്ഞു. ലോകത്തിൽ തനിക്കു സ്വന്തമായിയുള്ളവരെ അവൻ സ്നേഹിച്ചു; അവസാനംവരെ സ്നേഹിച്ചു" (യോഹ 13,1). മംഗലവാർത്തക്കാലത്തേക്കു നാം പ്രവേശിക്കുമ്പോൾ സെനക്കിളിലേക്കുള്ള ഈശോയുടെ പ്രവേശനം അവിടുത്തെ മറ്റൊരു

പ്രവേശനമാണ് നമ്മെ അനുസ്മരിപ്പിക്കുന്നത്. അതു മറ്റൊന്നുമല്ല; ഭൂമിയിലേക്കുള്ള അവിടുത്തെ പ്രവേശനമാണ്. സെനക്കിളിൽ പ്രകടമായ അതേ സ്നേഹത്തിന്റെ, രക്ഷാകരസ്നേഹത്തിന്റെ, പ്രവർത്തനമാണ് ഈശോയുടെ മനുഷ്യാവതാരവും ജനനവും.

## പരമാവധിസ്നേഹം

"അവസാനംവരെ സ്നേഹിച്ചു" എന്നു പറയുന്നത് രണ്ടു വിധത്തിൽ മനസ്സിലാക്കാം. തന്റെ ജീവിതാവസാനംവരെ ഈശോ സ്നേഹിച്ചു എന്നതാണ് അതിലൊന്ന്. മനുഷ്യാവതാരം മുതൽ മരണംവരെ ഈശോ തനിക്കു സ്വന്തമായുള്ളവരെ സ്നേഹിച്ചു. ഈശോയുടെ മനുഷ്യാവതാരം അവിടുത്തെ സ്നേഹത്തിന്റെ വെളിപ്പെടുത്തലിന് തുടക്കം കുറിച്ച നിമിഷമാണ്. ദൈവമായ അവിടുത്തെ ആരും കണ്ടിട്ടില്ല (യോഹ 1,18). ഈശോയെ ലോകം കാണാൻ തുടങ്ങിയ നിമിഷമാണ് അവിടുത്തെ മനുഷ്യാവതാരവും ജനനവും. സർവ്വശക്തനായ ദൈവം സർവ്വ ബലഹീനനായി ലോകത്തിൽ കടന്നുവന്നു. ബലഹീനനായ മനുഷ്യനുമായി താദാത്മ്യപ്പെട്ടു. അത്രമാത്രം ദൈവം മനുഷ്യനെ സ്നേഹിച്ചു. ഇതിൽ കൂടുതൽ എങ്ങനെ സ്നേഹിക്കാൻ കഴിയും? അതുകൊണ്ട് മനുഷ്യാവതാരം ദൈവത്തിന്റെ പരമാവധിസ്നേഹത്തിന്റെ അവതാരമാണ്.

## പൂർണ്ണതയിലുള്ള സ്നേഹം

'അവസാനംവരെ' എന്നർത്ഥം വരുന്ന വാക്ക് മൂലഭാഷയിൽ 'തേലോസ്' എന്നാണ്. 'തേലോസ്' എന്ന വാക്കിന് 'പൂർണ്ണത' എന്നർത്ഥമുണ്ട്. "നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (മത്താ 5,48) എന്നു പറയുന്നിടത്ത് ഈ വാക്കുതന്നെയാണ് പ്രയോഗിച്ചിരിക്കുന്നത്. സ്വർഗസ്ഥനായ പിതാവിന്റെ സ്നേഹം പൂർണ്ണതയിലുള്ളതാണെന്നാണ് ഇതു സൂചിപ്പിക്കുന്നത്. ദൈവത്തിന്റെ ഈ സ്നേഹമാണ് സെനക്കിളിൽ പ്രകടമായത്. അതുതന്നെയാണ് മനുഷ്യാവതാരത്തിലും പ്രകടമാകുന്നത്. ദൈവം പരിശുദ്ധനായതുകൊണ്ട് നിങ്ങളും പരിശുദ്ധരായിരിക്കണം എന്നതാണ് പഴയനിയമത്തിലുള്ള ആഹ്വാനം (ലേവാ 19,2). ദൈവത്തിന്റെ പരിശുദ്ധി അവിടുത്തെ പൂർണ്ണതയിലുള്ള സ്നേഹമാണെന്ന് ഇതു വ്യക്തമാക്കുന്നു. ദൈവത്തിന്റെ പൂർണ്ണതയിലുള്ള ഈ സ്നേഹത്തിന്റെ അഥവാ പരിശുദ്ധിയുടെ അവതാരമാണ് ഈശോയുടെ മനുഷ്യാവതാരം.

## സ്വയം ശൂന്യമാക്കുന്ന സ്നേഹം

"അത്താഴത്തിനിടയിൽ അവൻ എഴുന്നേറ്റ് മേലങ്കി മാറ്റി, ഒരു തൂവാലയെടുത്ത് അരയിൽ കെട്ടി. അനന്തരം, ഒരു താലത്തിൽ വെള്ളമെടുത്ത് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകാനും അരയിൽ ചുറ്റിയിരുന്ന തൂവാലകൊണ്ട് തുടയ്ക്കാനും തുടങ്ങി" (യോഹ 13,4-5). സകലത്തിന്റെയും സ്രഷ്ടാവായ ദൈവം തന്റെ സൃഷ്ടികളായ മനുഷ്യരുടെ മുമ്പിൽ മുട്ടുമടക്കി, അതും തന്നെ ഒറ്റിക്കൊടുക്കാൻ തീരുമാനമെടുത്തിരിക്കുന്ന മനുഷ്യനെവരെ, ശുശ്രൂഷിക്കുന്നു. ഇത്ര വലിയ ദൈവത്തിന് ഇത്രയും ചെറുതാകാൻ എങ്ങനെ കഴിയും? ഈ ചെറുതാകലിന് തുടക്കംകുറിച്ചത് മനുഷ്യാവതാരമാണ്. അതുകൊണ്ട് ഈശോ പ്രവർത്തിച്ച അത്ഭുതങ്ങളെക്കാൾ വലിയ അത്ഭുതമാണ് മനുഷ്യാവതാരവും പിറവിയും. ഈ ചെറുതാകലിന്റെ പിന്നിൽ പ്രവർത്തിച്ചതും സ്നേഹംതന്നെയാണ്.

## സ്വീകരിക്കാനും പ്രത്യുത്തരിക്കാനും നിർബന്ധിക്കുന്ന സ്നേഹം

"പത്രോസ് പറഞ്ഞു: നീ ഒരിക്കലും എന്റെ പാദം കഴുകരുത്. ഈശോ പറഞ്ഞു: ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല. ശിമയോൻ പത്രോസ് പറഞ്ഞു: കർത്താവേ, എങ്കിൽ എന്റെ പാദങ്ങൾ മാത്രമ



ല്ല. കരങ്ങളും ശിരസ്സുംകൂടി കഴുകണമേ" (യോഹ 13,8-9). പത്രോസിന്റെ സാമാന്യബുദ്ധിയും ദൈവത്തിന്റെ അസാമാന്യസ്നേഹവും തമ്മിലുള്ള സംഘർഷമാണ് ഇവിടെ സംഭവിക്കുന്നത്. തന്റെ സ്നേഹം സ്വീകരിക്കാൻ ഈശോ ശിഷ്യരെ നിർബന്ധിക്കുന്നു. അവർക്ക് അതിന്റെ ആഴമായ അർത്ഥം മനസ്സിലാകുന്നുമില്ല. എങ്കിലും അവർ അതു സ്വീകരിക്കുന്നു. ദൈവത്തിന്റെ പദ്ധതികൾ, നമുക്കു മനസ്സിലാകാത്തപ്പോഴും, നാം സ്വീകരിക്കണം. കാരണം, അതു നമ്മോടുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെയും കരുതലിന്റെയും പ്രവർത്തനങ്ങളാണ്. അതു നമ്മുടെ നന്മയ്ക്കുവേണ്ടിയുമാണ്. ഇപ്രകാരമുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെ സമ്മാനമാണ് ഈശോയുടെ മനുഷ്യാവതാരവും അതേത്തുടർന്നുള്ള രക്ഷാകരപ്രവർത്തനങ്ങളും. അവയെ ആ വിധത്തിൽ സ്വീകരിക്കുവാനും പ്രത്യുത്തരിക്കുവാനും നമുക്കു കഴിയണം.

**സന്തോഷമുളവാക്കുന്ന രക്ഷാകരസ്നേഹം**

"ഞാൻ പോകുന്നെന്നും വീണ്ടും നിങ്ങളുടെ അടുത്തേക്കു വരുമെന്നും ഞാൻ പറഞ്ഞതു നിങ്ങൾ കേട്ടല്ലോ. നിങ്ങൾ എന്നെ സ്നേഹിച്ചിരുന്നുവെങ്കിൽ പിതാവിന്റെ അടുത്തേക്കു ഞാൻ പോകുന്നതിൽ നിങ്ങൾ സന്തോഷിക്കുമായിരുന്നു. എന്തെന്നാൽ, പിതാവ് എന്നെക്കാൾ വലിയവനാണ്" (യോഹ 14,28). പിതാവിൽനിന്നും വന്ന് പിതാവിന്റെ പക്കലേക്കു പോകുന്ന രക്ഷാകരപ്രക്രിയയാണല്ലോ മനുഷ്യാവതാരവും മരണവും ഉത്ഥാനവും. ഈ രക്ഷാകരപ്രക്രിയ ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിന്റെ ദാനവും സ്വീകരണവും പ്രതിസ്നേഹവും ഉൾക്കൊള്ളുന്നതായതുകൊണ്ട് ഇതു സന്തോഷമുളവാക്കുന്ന ഒന്നാണെന്ന് ഈശോ സൂചിപ്പിക്കുന്നു. ഈ സന്തോഷമാണ് ഈശോയുടെ ജനനം അറിയിക്കപ്പെട്ട സന്ദർഭത്തിൽ പ്രഖ്യാപിക്കപ്പെട്ടതും: "ഇതാ, സകല ജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ മിശിഹാ, ഇന്നു ജനിച്ചിരിക്കുന്നു" (ലൂക്കാ 2,10). ഈ സന്തോഷംതന്നെയാണ് ഈശോയുടെ പിറവിത്തിരുനാൾ ആഘോഷങ്ങളിൽ പ്രതിഫലിക്കുന്നതും. ഈ രക്ഷാകരസ്നേഹത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കി ആ സ്നേഹവും സന്തോഷവും അനുഭവിച്ച് പിറവിത്തിരുനാൾ ആഘോഷിക്കുവാൻ നമുക്കു പരിശ്രമിക്കാം.



## നിന്നെയും വിളിക്കുന്നു.....

- ☞ നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- ☞ വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- ☞ കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**



പ്രതീക്ഷയുടെ പൂമൊട്ടുകൾ

ദൈവത്തിന്റെ കത്തായ ബൈബിൾ നിശബ്ദതയ്ക്ക് എന്തു വലിയ പ്രാധാന്യമാണു നൽകിയിരിക്കുന്നത്... നിശബ്ദത എന്നാൽ വെറുതെ മിണ്ടാതിരിക്കുക എന്നല്ലല്ലോ, ദൈവത്തോട് സംസാരിക്കുക എന്നല്ലേ വി. ഗ്രന്ഥം ഓർമ്മിപ്പിക്കുന്നത്...

രൂപരഹിതവും ശൂന്യവുമായ ഭൂമിയുടെ ഉൽപത്തിയിൽ തുടങ്ങുന്ന ആ നിശബ്ദത എത്ര വലിയ രക്ഷയാണു പ്രദാനം ചെയ്തിരിക്കുന്നത്. വലിയ ജനതയുടെ പിതാവ് നാവു ചലിപ്പിച്ചതു ദൈവത്തോട് 'യെസ്' എന്നു പറയാൻ മാത്രം. ദൈവത്തോട് 'യെസ്' പറഞ്ഞ ഒരോ നിമിഷവും ആ മനുഷ്യനിൽ നടന്ന സംഘട്ടനങ്ങൾ വലുതാണ്. ഒരു ഉപേക്ഷിക്കലിന്റെ, വ്യക്തമായ ലക്ഷ്യം ലഭിക്കാതെയുള്ള സഞ്ചാരത്തിന്റെ, ഒടുവിൽ തലമുറ നിലനിർത്താൻ സാധിക്കില്ല എന്ന വേദനയിൽ വാർദ്ധക്യത്തിൽ ലഭിച്ച ആ പ്രതീക്ഷയുടെ



# നിശബ്ദജീവിതങ്ങൾ


**അശ്വതി പുതുമന**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്



ബലിയർപ്പണത്തിനു മുമ്പിൽ പോലും ആ വ്യക്തി നിശബ്ദനായിരുന്നു. ഒരുപക്ഷേ അദ്ദേഹത്തിനറിയാമായിരുന്നിരിക്കാം ഇതു മനുഷ്യന്റെ ബുദ്ധിക്കു വെറും വിഡ്ഢിത്തമായേ മനസിലാക്കാൻ പറ്റൂ എന്ന്. അതാണല്ലോ സ്വന്തം ജീവിത സഖിയോടുപോലും അദ്ദേഹം നിശബ്ദനായത്...

പൂർവ്വ യൗസേപ്പിന് അറിയാമായിരുന്നോ എന്ന് അറിയില്ല, താൻ സ്വീകരിക്കേണ്ടിവന്ന ഒറ്റപ്പെടലുകൾക്കും തന്റെ നേർക്കു ചൂണ്ടപ്പെട്ട വിരലുകൾക്കും അനുഭവിക്കേണ്ടി വന്ന കാരാഗൃഹവാസത്തിനും ഏൽക്കേണ്ടിവന്ന തെറ്റിദ്ധാരണകൾക്കും കേൾക്കേണ്ടി വന്ന കുറ്റപ്പെടുത്തലുകൾക്കും പിന്നിൽ ഒരു തലമുറയെ നിലനിർത്തുവാൻ ദൈവം ഒരുക്കിയ വലിയ രക്ഷാകര പദ്ധതി ഒളിഞ്ഞിരിക്കുന്നുവെന്ന്. എന്നാൽ ഒന്നു വ്യക്തം... അവൻ നിശബ്ദനായിരുന്നു. വായ് തുറന്നതോ ദൈവത്തിന്റെ വെളിപാടുകളെ വിശദീകരിക്കാൻ മാത്രം. നിശബ്ദത ദൈവിക വെളിപാടുകളെ വ്യാഖ്യാനിക്കുവാൻ ഒരുവനെ പ്രാപ്തനാക്കുന്ന അത്ഭുതം! തന്റെ സഹോദരങ്ങളെ മാത്രം കുറ്റപ്പെടുത്താനുള്ള സാഹചര്യം ഉണ്ടായിരുന്നിട്ടും, സാഹചര്യങ്ങളെല്ലാം തനിക്കനുകൂലമായിരുന്നിട്ടും, ഒന്നും പറയാതെ എല്ലാം നിശബ്ദമായി സ്വീകരിച്ചവൻ. ഒന്നുചിന്തിച്ചാൽ കുറ്റപ്പെടുത്താത്തവനെ കൂട്ടുകാരനാക്കി കൂടുതൽ വലിയ കാര്യങ്ങൾ ചെയ്യുന്നവനല്ലേ സർവ്വശക്തൻ...

ഇനിയും, ശാരീരികവും മാനസികവുമായ വേദനയിൽ പുളഞ്ഞ് ചാരത്തിൽ കിടന്നുകൊണ്ട്, കണ്ണുനീരുവാർത്ത്, തീരാദുഃഖത്തെ മൗനത്തോടെ, ദൈവത്തെ പഴി






ക്കാതെ സ്വീകരിച്ച മറ്റൊരു വലിയ ജീവിതം ബൈബിൾ കാണിക്കുന്നു-ജോബ്. മനസിന്റെ താളം തെറ്റുന്ന അവസ്ഥ വന്നിട്ടും, ഇതെന്തിന് എന്ന ചോദ്യം ഉന്നയിക്കാതെ ദൈവത്തിന്റെ നാമത്തെ മഹത്ത്വപ്പെടുത്തിയ ആ വ്യക്തിയുടെ നിശബ്ദത സർവ്വ സമ്പത്തും സർവ്വ ഐശ്വ ര്യവും തിരിച്ചുകൊടുക്കുവാൻ ദൈവത്തെ പ്പോലും നിർബന്ധിതനാക്കിയ അവസരം.

മാന്യയായ ഒരു സ്ത്രീ എന്ന നിലയിൽ സ്വീകരിക്കാൻ പറ്റാത്ത ഒരു വസ്തുതയാണ് വിവാഹത്തിനുമുമ്പ് ഗർഭിണിയാവുക എന്നത്. മറിയം എന്ന ആ കന്യക ഒരു നടുക്കത്തോടെ യാവണം മംഗളവാർത്ത സ്വീകരിച്ചത്. അവൾ ദൈവത്തോട് ചോദിച്ചു: ഇതെങ്ങനെ സംഭവി ക്കും? ലഭിച്ച ഉത്തരമോ അവ്യക്തം! എത്രമാത്രം മനസ്സിലായി എന്നോ എങ്ങനെ ഉൾക്കൊണ്ടു എന്നോ അറിയില്ല. എങ്കിലും വിശുദ്ധ ഗ്രന്ഥത്തിന്റെ താളുകളിൽ പറയുന്നു: "അവൾ എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു". പിന്നീടുള്ള സംസാരം മുഴുവനും ദൈവ ത്തോട്... കാരണം, ഉദരം പരിശുദ്ധനായവനു വേണ്ടി ഒരുക്കപ്പെട്ടുകഴിഞ്ഞു. ദൈവത്തിന്റെ പരിശുദ്ധനു ജനിക്കാൻ പരിശുദ്ധമായ ഒരു നിശബ്ദത ആവശ്യമായിരുന്നു. ജീവിതത്തിൽ മുമ്പോട്ട് ഒരുക്കപ്പെട്ട സാഹചര്യത്തിലൊന്നും അവൾക്കു പരാതിയില്ലായിരുന്നു. കാരണം അവളുടെ ഉദരവും ഹൃദയവും ഒരുപോലെ പരി ശുദ്ധ നിശബ്ദതയാൽ നിറഞ്ഞിരുന്നു.

ഇനിയും മനുഷ്യബുദ്ധിക്കു വ്യാഖ്യാ നിക്കാൻ കഴിയാത്ത ഒരു നിശബ്ദജീവിതമുണ്ട് - യൗസേപ്പു പിതാവ്. പുരുഷൻ എന്ന നില യിൽ സ്വന്തമായ നിലപാടുകൾക്കു നൽകുന്ന പ്രധാന്യംപോലും വകവയ്ക്കാതെ ദൈവ ത്തിന്റെ സ്വപ്നങ്ങൾക്കു വിലകൊടുത്തവൻ. ഒന്നുമില്ല പറയാൻ... എന്നാൽ ഒന്നുമാത്രം - ആ ശരീരവും മനസും ദൈവത്തിന്റെ കൂടാരം മാത്രം.

ദൈവം തിരഞ്ഞെടുത്ത ഈ വ്യക്തി കളിലൂടെ ലോകത്തിനു ലഭിച്ച രക്ഷകൻ ജനി ച്ചതു രാത്രിയുടെ ആ വലിയ നിശബ്ദതയിൽ... അവന്റെ എല്ലാ പ്രവർത്തനങ്ങളും രൂപം പ്രാപിച്ചതു നീണ്ട രാത്രിയുടെ യാമങ്ങളിൽ പിതാവുമായുള്ള സംസാരത്തിൽ... രാത്രിയുടെ നിശബ്ദത ഭേദിച്ചു പകലുണർന്നപ്പോൾ അവ നിൽനിന്നും ഉയർന്നതോ ദൈവസ്നേഹം, കരുണ, രക്ഷ, സൗഖ്യം, സമാധാനം... നിശ ബ്ദതയ്ക്ക് ഒരിക്കലും ശപിക്കാനാവില്ല. ഗത്സെമനിയിലെയും കാൽവരിയിലെയും നിശബ്ദത അതുകൊണ്ടല്ലേ രക്ഷാകരമായത്! ഒന്നിനെയും വേദനിപ്പിക്കാതെയും തിരസ്കരി ക്കാതെയും മാറ്റിനിർത്താതെയും ആട്ടിയകറ്റാ തെയും കുറ്റപ്പെടുത്താതെയും ഒറ്റപ്പെടുത്താതെ യും നെഞ്ചോടു ചേർക്കാൻ ഈ ഭൂമിയിൽ അവനു മാത്രമേ സാധിച്ചിട്ടുള്ളു. കാരണം സ്വർഗത്തിന്റെ യഥാർത്ഥമായ നിശബ്ദത അവ നിൽ നിറഞ്ഞുനിന്നിരുന്നു.

എന്റെയും നിന്റെയും ജീവിതം ഇന്നൊരു പ്രലപനമാകുന്നുണ്ടോ എന്നു ചിന്തിക്കേണ്ടി യിരിക്കുന്നു. നിശബ്ദത അപരന്റെ ജീവി തത്തെ രക്ഷിക്കുന്നതാണെങ്കിൽ എന്റെയും നിന്റെയും നിശബ്ദതക്കുറവ് എത്ര ജീവിത ങ്ങളെ തകർത്തെറിഞ്ഞിരിക്കാം. ദൈവമേ, മാപ്പ്... ഒരുക്കപ്പെട്ട സാഹചര്യങ്ങൾ വേണ്ട വിധം മനസിലാക്കാതെ കടന്നുപോയതിന്, അപരന്റെ രക്ഷയ്ക്കു മുൻഗണന നൽകാത്ത തിന്, ഹൃദയ നിശബ്ദതയെ പുൽകാത്തതിന്. ദൈവമേ, നന്ദി... എന്നിട്ടും നീ എന്നെ തള്ളി ക്കളയാത്തതിന്, മാറ്റിനിർത്താത്തതിന്, എല്ലാ ത്തിലും ഒന്നാമനാക്കുന്നതിന്.



# കാരുണ്യസംസ്കാരം പ്രോത്സാഹിപ്പിക്കുക

**ഡോ. സെബാസ്റ്റ്യൻ തുണ്ടത്തിക്കുന്നേൽ വി.സി.**
**സുപ്പീരിയർ ജനറാൾ, ഇടപ്പള്ളി**

മരുഭൂമിയിലെ പിതാക്കന്മാരുടെ ചരിത്രത്തിൽ പറയുന്ന ഒരു സംഭവം ഇങ്ങനെയാണ്: ഒരിക്കൽ അബ്ബാ മക്കാരിയൂസിന്റെ ആശ്രമത്തിൽ കള്ളന്മാർ കയറി. അവർ ഭക്ഷണസാധനങ്ങളും വസ്ത്രങ്ങളും മറ്റു വസ്തുക്കളും എടുക്കുന്നത് അദ്ദേഹം കണ്ടു. അദ്ദേഹം അവരോടു പറഞ്ഞു: ''വേഗം വേണ്ടത് എടുത്തുകൊണ്ട് സ്ഥലം വിടുക. ഉടൻതന്നെ എന്റെ ശിഷ്യന്മാർ എത്തും. ഇവ മോഷ്ടിക്കുവാൻ അവർ നിങ്ങളെ സമ്മതിക്കുകയില്ല". കാരുണ്യപൂർവ്വമുള്ള അദ്ദേഹത്തിന്റെ ഉപദേശം കേട്ട് ഒന്നും എടുക്കാതെ ആ കള്ള




ന്മാർ ഓടിപ്പോയി. "കാരുണ്യവും കഷ്ടതയും" എന്ന ശ്ലൈഹികലേഖനത്തിന്റെ സമാപനത്തിൽ ഫ്രാൻസിസ് മാർപാപ്പ ഉദ്ബോധിപ്പിക്കുന്നത് കാരുണ്യത്തിന്റെ ഒരു സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിന് നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നു എന്നാണ്. "ഒരാൾ മറ്റൊരാളെ നിസംഗതയോടെ നോക്കുകയോ നമ്മുടെ സഹോദരീസഹോദരന്മാരുടെ സഹനത്തിൽനിന്ന് മുഖം തിരിക്കുകയോ ചെയ്യാത്ത ഒരു സംസ്കാരമാണത്" (No. 20). ജനങ്ങളുടെ ശരീരത്തിലേക്കും ആത്മാവിലേക്കും ജീവിതത്തിലേക്കും ചെന്നെത്തുവാൻ പ്രാപ്തമായ കൊച്ചുകൊച്ചു ചെയ്തികളിൽ തുടങ്ങി ഒരായിരം വ്യത്യസ്ത രീതികളിൽ യഥാർത്ഥ കാരുണ്യവിപ്ലവം നമുക്ക് ആരംഭിക്കാൻ കഴിയും എന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു.

കാരുണ്യത്തിന്റെ സാമൂഹിക സ്വഭാവം, നിസംഗതയും കാപട്യവും നിഷ്കാസനം ചെയ്യുവാൻ നമ്മോട് ആവശ്യപ്പെടുന്നു. കാരണം, നമ്മുടെ ലോകം മനുഷ്യമഹത്ത്വത്തെ കടന്നാക്രമിക്കുന്ന ആത്മീയവും ഭൗതികവുമായ ദാരിദ്ര്യത്തിന്റെ പുതിയ രൂപങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഉപവിയും കാരുണ്യപ്രവൃത്തികളും ശീലിക്കുന്നതിന് ഉത്തരവാദിത്വപൂർണ്ണമായ മാർഗ്ഗങ്ങൾ നാം കണ്ടുപിടിക്കണം. തൊഴിലും ശമ്പളവും ഭൂമിയും വീടും ഇല്ലാത്തവർ വിശ്വാസത്തെയും വംശത്തെയുംപ്രതി വിവേചനം അനുഭവിക്കുന്നവർ, അക്രമത്തിന് ഇരയാകുന്ന കുട്ടികൾ, അന്തസ്സോടെ ജീവിക്കാൻ സാധിക്കാത്തവർ, ഭാവിയെക്കുറിച്ച് പ്രത്യാശയില്ലാത്തവർ...! ഇവിടെയൊക്കെ കാരുണ്യത്തിന്റെ പരമ്പരാഗത പ്രവൃത്തികൾക്ക് നാം പുതിയ ആവിഷ്കാരം നല്കണം.

കാരുണ്യപ്രവൃത്തികളിൽനിന്ന് നമ്മെ പിന്തിരിപ്പിക്കുന്നത് ഉദാസീനതയും വ്യക്തിവാദവും സുഖജീവിത താല്പര്യങ്ങളും സമൂഹത്തോടുള്ള പ്രതിബദ്ധതയില്ലായ്മയും പങ്കുവയ്ക്കുന്നതിനുള്ള മടിയുമൊക്കെയാണ് എന്ന് മാർപാപ്പ ചൂണ്ടിക്കാണിക്കുന്നു. അതിനുള്ള പരിഹാരവും അദ്ദേഹം പറഞ്ഞുതരുന്നുണ്ട്: "സ്ഥിരോത്സാഹത്തോടെയുള്ള പ്രാർത്ഥനയിൽ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോടുള്ള വിധേയത്വത്തിൽ, വിശുദ്ധരുടെ ജീവിതങ്ങളെക്കുറിച്ചുള്ള അറിവിൽ, ദരിദ്രരോട് അടുത്തിരിക്കുന്നതിൽ ഒക്കെയാണ് കാരുണ്യത്തിന്റെ സംസ്കാരം രൂപപ്പെടുന്നത്" (No. 20). കാരുണ്യപ്രവർത്തനങ്ങളിലൂടെ വിശുദ്ധി പ്രകാശിപ്പിച്ച വിശുദ്ധ വിൻസെന്റ് ഡീ പോളിനെ നയിച്ച ചിന്താഗതി, "ദരിദ്രർ നമ്മുടെ യജമാനന്മാരാണ്" എന്ന ബോധ്യമായിരുന്നു.

അവസാനമായി, ഫ്രാൻസിസ് മാർപാപ്പ ആവർത്തിച്ചു പഠിപ്പിക്കുന്നു: "ഇതു കാരുണ്യത്തിന്റെ സമയമാണ്... ലാസർ നമ്മുടെ ഭവനങ്ങളുടെ പടിവാതിലിൽ കിടക്കുവോളം നീതിയോ സാമൂഹിക സമാധാനമോ ഉണ്ടാവുകയില്ല" (No. 21). ദരിദ്രരുടെ ലോകദിനാചരണവും മിശിഹായുടെ രാജത്വത്തിരുനാൾ ആഘോഷവും മാമ്മോദീസാ സ്വീകരിച്ച ഓരോ വ്യക്തിയെയും നവസുവിശേഷവൽക്കരണത്തിലേക്കും കാരുണ്യ സാക്ഷ്യത്തിലേക്കും സഭയുടെ അജപാലനശുശ്രൂഷകളിലേക്കും നയിക്കണം. അതിനായി കാരുണ്യമാതാവിന്റെ മാതൃസഹജമായ സഹായത്തിൽ നമുക്ക് ശരണമർപ്പിക്കുകയും ദൈവത്തിന്റെ കാരുണ്യത്തിന്റെ മുഖമായ ഈശോയിലേക്കു നോക്കുകയും ചെയ്യാം.

'എനിക്കു പറ്റില്ല മറ്റൊരാളുടെ അടിമയായി ജീവിക്കുവാൻ, ഞാൻ എന്താ വ്യക്തിത്വമില്ലാത്തവളോ? ഇപ്പോൾതന്നെ ഞാൻ എന്റെ വീട്ടിലേക്കു പോകും?'. കഴിഞ്ഞ ദിവസം അപ്രതീക്ഷിതമായി വന്ന ഒരു ഫോൺ സംഭാഷണത്തിന്റെ പ്രസക്തഭാഗങ്ങളാണിവ. ഇതു കേൾക്കുമ്പോൾ നാം ചിന്തിക്കുന്നത് ആ സ്ത്രീ സഹനത്തിന്റെ മുൾമുനയിൽ കിടന്ന് നട്ടംതിരിയുന്നവളാണെന്നാവും. എന്നാൽ വാസ്തവം മറ്റൊന്ന്! തനിക്കു ദൈവം നല്കിയ ഭർത്താവിന്റെ വരുതിയിൽ നിൽക്കുവാൻ 'അഹം' അനുവദിക്കാത്ത ഒരു 'പച്ചപ്പരിഷ്കാരി'. അത്യാവശ്യം സാമ്പത്തികമുള്ള ഒരു ഭവനത്തിലേക്ക് ആർഭാടത്തോടെ കടന്നുവന്നവൾ. ജോലി കൈവശമുള്ളതുകൊണ്ട് ആരെയും കൂസേണ്ട എന്ന ധാരണ ഹൃദയത്തിലേറ്റുന്നവൾ... പിന്നിട്ട വഴികളിലെ തിക്താനുഭവങ്ങൾ പുതിയ ഭവനത്തിലേക്ക്



# 'ദൈവം ചേർത്തുവച്ച കൈകൾ'

**സാബി കോഴിക്കോട്**



അറിഞ്ഞോ അറിയാതെയോ കൊണ്ടുവരുന്നവൾ... മറ്റുള്ളവരെ അകറ്റിനിറുത്തിയിട്ട് 'തന്നെ പടിക്കു പുറത്താക്കി' എന്നു വിലപിക്കുന്നവൾ... ഇവിടെ ദാമ്പത്യത്തിന്റെ 'താലിച്ചരടുകൾ' അറ്റുപോകാൻ കാലവിളബം വരില്ല എന്നത് സ്പഷ്ടമാണ്.

'ദാമ്പത്യമെന്നത് ഒരു ഓട്ടമാണ്. പരസ്പരം കൈകോർത്തു പിടിച്ചുള്ള ഒരു ഓട്ടം' എന്ന് എവിടെയോ വായിച്ചതായി ഓർക്കുന്നു. ഈ ഓട്ടത്തിൽ ഭർത്താവിന് വേഗത കൂടിയാൽ ഭാര്യയുടെ കോർത്തുപിടിച്ച കൈകൾ അഴിഞ്ഞുപോകും. ഭാര്യയ്ക്ക് അല്പം വേഗത കുറഞ്ഞാലും ഇതുതന്നെ സംഭവിക്കും. തന്നെ മറന്ന് ഭർത്താവിനൊപ്പമെത്തുവാൻ അല്പം വേഗത കൂട്ടിയതുകൊണ്ട് ഭാര്യയ്ക്കോ, തന്നോട് ഒപ്പമെത്തിക്കുവാൻ അവൾക്കുവേണ്ടി തന്റെ വേഗത അല്പം കുറയ്ക്കുന്നതുകൊണ്ട് ഭർത്താവിനോ ഒന്നും നഷ്ടപ്പെടാനില്ല. മറിച്ച് 'എന്നെ മനസ്സിലാക്കുവാൻ നീ ശ്രമിച്ചല്ലോ' എന്ന ആത്മസംതൃപ്തിയാവാം അനുഭവപ്പെടുക. അപരന്റെ കഴിവുകളും ഗതിവിഗതികളും അറിഞ്ഞു പ്രവർത്തിക്കുക. 'തമ്പുരാൻ ഒരുമിപ്പിച്ച കൈകൾ' അഴിയാതിരിക്കുവാൻ പരസ്പരം പ്രയത്നിക്കുക അതാണ് ഉത്തമം.

ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിലൂടെ ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: "നീ എനിക്ക് ബഹുമാന്യനും പ്രിയങ്കരനും അമൂല്യനുമാണ്". ദൈവത്തിന്റെ ഈ സവിശേഷ

തകൾ ദാമ്പത്യ ബന്ധങ്ങളുടെ അകത്തളങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ ബന്ധങ്ങൾ ദൃഢമാകും.

പരസ്പരം ബഹുമാനിക്കുന്നില്ല എന്നത് ദമ്പതികളുടെ മിക്കപ്പോഴുമുള്ള പരാതിയാണ്. 'ബഹുമാനിക്കുക' എന്നാൽ 'പരസ്പരം അറിയുക' എന്നതിലുപരി അപരന്റെ നന്മയിലേക്കും വളർച്ചയിലേക്കും സദാ കണ്ണുനട്ടിരിക്കുന്ന അവസ്ഥയാണ്. അവിടെ അപരനെ ഉയർത്തുവാനുള്ള ഒരു വിശുദ്ധ മത്സരം സംജാതമാകുന്നു. തനിക്കു ദൈവം തന്നവർക്കു വേണ്ടി ഭൂമിയോളം താഴേണ്ടിവന്നാലും അപരനെ ഉയർത്താനായല്ലോ എന്ന സംതൃപ്തി. ഇവിടെ ദമ്പതികൾ ദൈവത്തിന്റെ ഹൃദയത്തിലെ സദാ ഫലംചൂടി നില്ക്കുന്ന അത്തിവൃക്ഷമായിരിക്കും.

'പ്രിയങ്കരരായിരിക്കുക' എന്നത് ഉളവാകുക, തനിക്കു ലഭിക്കാനർഹതയില്ലാത്തത് ദാനമായി ലഭിച്ചു എന്ന തിരിച്ചറിവിൽനിന്നാണ്. കുട്ടികൾപോലും തങ്ങൾക്കു ലഭിക്കുന്ന സമ്മാനങ്ങൾ ഭദ്രമായി സൂക്ഷിച്ചുവയ്ക്കാറുണ്ടല്ലോ? 'ഒരു കാന്തം' തനിക്കു ചുറ്റുമുള്ളവയെ ആകർഷിച്ചുനിർത്തുന്നതുപോലെ സ്നേഹത്തിന്റെ ആകർഷണവലയം ഭേദിച്ചുപോകുവാൻ പങ്കാളിയെ അനുവദിക്കില്ല എന്ന ദൃഢനിശ്ചയം ദാമ്പത്യത്തെ കരുത്തുറ്റതാക്കും. ഭർത്താവിന് പ്രധാന പങ്ക് വിളമ്പി നല്കി അരികിലിരിക്കുന്ന ഭാര്യയും അവൾക്കായി ഒരു പങ്ക് മാറ്റിവച്ച് ഉണ്ടെഴുന്നേല്ക്കുന്ന ഭർത്താവുമൊക്കെ പഴയകാല ദാമ്പത്യത്തിന്റെ നാരായവേരുകളായിരുന്നു. 'തനിക്കു പ്രിയപ്പെട്ടവർ ഉറങ്ങുമ്പോഴും കാവലിരിക്കുന്ന' കർത്താവിന്റെ മാതൃക ജീവിതപങ്കാളികൾക്ക് ഊർജ്ജമേകണം.

ലഭ്യമാകുന്ന ഒരു വസ്തുവിന് കമ്പോളത്തിലെ വിലനിലവാരം നോക്കി വില നല്കുന്നതുപോല കുടുംബത്തിലെ ബന്ധങ്ങൾക്ക് വിലയിടരുത്. ഒരു വസ്തു നമുക്ക് തന്നയാളോട് നമുക്കുള്ള അടുപ്പമനുസരിച്ചാണ് നമ്മോടുള്ള വ്യക്തിയുടെ സ്നേഹത്തിന്റെ, സൗഹൃദത്തിന്റെ മുദ്രണം. ലോകത്തിലും കുടുംബത്തിലും മൂല്യങ്ങൾക്ക് വിലയിടിയുന്നു. സത്യം പറയുക, പ്രവർത്തിക്കുക എന്നത് പഴഞ്ചൻ രീതികളായിപ്പോയതുപോലെ... പങ്കുവയ്ക്കലുകളും ഏറ്റു പറച്ചിലുകളും തങ്ങളിൽ നഷ്ടങ്ങൾ സൃഷ്ടിക്കുമെന്ന മിഥ്യാധാരണ മാനസികവും ആദ്ധ്യാത്മികവും സാമൂഹികവുമായ മൂല്യങ്ങളെ പടിയടച്ച് പിണ്ഡംവച്ച് തനിക്ക് സുഖവും സംതൃപ്തിയും താല്ക്കാലിക നേട്ടവും തരുന്ന കാര്യങ്ങളെ മാത്രം ഗൗനിക്കുന്നു. ദാമ്പത്യജീവിതത്തിലെ പരസ്പര കൊമ്പുകോർക്കലുകളുടെ പിന്നിലെ ഗൂഢരഹസ്യങ്ങൾ ഇതുതന്നെയല്ലേ? ഈ ചിന്താഗതികളുടെ ചുഴികളിൽ ക്രൈസ്തവ കുടുംബങ്ങൾ വീണുപോകാതിരിക്കുവാൻ ദമ്പതികൾ നിതാന്തജാഗ്രത പുലർത്തണം. മനുഷ്യനെ വെറും 'വസ്തുവായി' കാണുന്ന കച്ചവടമനസ്ഥിതിയിൽനിന്ന് അമൂല്യമായ നിധി ഒളിച്ചുകിടക്കുന്ന 'വ്യക്തിയായി' കാണുന്ന സ്നേഹസംസ്കാരത്തിലേക്കുയരുവാൻ കഴിയട്ടെ.

കൽക്കരിക്കട്ടയിലും തിളക്കമാർന്ന പൊന്നിനെ ദർശിക്കുന്ന മിശിഹായിലുള്ള ശുഭാപ്തിവിശ്വാസമൂറുന്ന ഹൃദയം, പാഴ്മുളം തണ്ടിനെ മണിവീണയാക്കുന്ന ദൈവത്തിന്റെ അദൃശ്യകരങ്ങൾ, നഷ്ടപ്പെട്ടവനെത്തേടി പാരിലെങ്ങും അവിശ്രമം സഞ്ചരിച്ച മിശിഹായുടെ പാദങ്ങൾ ഇവ നമ്മുടെ കുടുംബബന്ധങ്ങളെ പ്രോജ്ജ്വലിപ്പിക്കട്ടെ. 'ബഹുമാനിക്കുക', 'സ്നേഹിക്കുക', 'അമൂല്യമായി കരുതുക' ഈ രസക്കൂട്ടുകൾ ദാമ്പത്യബന്ധങ്ങൾക്ക് രുചി പകരട്ടെ!

വിശുദ്ധിയുടെ മുത്തുകൾക്ക്

# കാവലാൾ 3

ജാൻസിടീച്ചർ
കറുകപ്പറമ്പിൽ

സ്കൂളിലേക്ക് ധൃതിവെച്ചാണ് സ്റ്റീനാ വന്നത്. നിമ്മിയും മരിയായും സോനയും കൂടിനിന്ന് എന്തൊക്കെയോ പറയുന്നത് അവൾ കണ്ടു. ക്ലാസ്സിൽ കുറെപ്പേർ കൂട്ടംകൂടി നിൽക്കുന്നതുകണ്ട് സ്റ്റീനാ മരിയയോടു ചോദിച്ചു.
"എന്തുപറ്റി ക്ലാസ്സിൽ?"
"ആ അഞ്ജലിയ്ക്കൊരു പ്രശ്നം. വൽസമ്മടീച്ചർ അവിടെയുണ്ട്".
"എന്തു പ്രശ്നമാ?".
"ഓ അവൾക്കേതോ ചെറുക്കനോടു പ്രേമം. അവനെ ഇപ്പോൾ കാണണ മെന്നു പറഞ്ഞ് ഭ്രാന്തു പിടിച്ചതുപോലെ എന്തൊക്കെയോ ചെയ്തു. ടീച്ചർ വീട്ടിലോട്ടു വിളിച്ചിട്ടുണ്ട്".
സ്റ്റീനാ ക്ലാസിൽ ചെന്നപ്പോൾ അഞ്ജലി തുറിച്ച കണ്ണുകളുമായി മുടിപി ടിച്ചു വലിച്ചുകൊണ്ട് എന്തൊക്കെയോ പുലമ്പുന്നുണ്ട്. അധികം വൈകാതെ അവളുടെ അപ്പനുമമ്മയും വിലകൂടിയ കാറിൽ അവിടെയെ ത്തി. "എന്താ മോളേ, അഞ്ജലി... ദേ അമ്മയാ വിളിക്കുന്നത്. നോക്ക് മോളേ.."
"എനിക്കിപ്പം രമേശിനെ കാണണം... അല്ലേൽ ഞാൻ ചത്തുകളയും".
"വാ നമുക്കു വീട്ടിലേക്കു പോകാം"
"വേണ്ട.. എനിക്കവനെ കാണണം".
അപ്പനുമമ്മയും ഏറെ പാടുപെട്ടാണ് അവളെ കാറിൽ കയറ്റി കൊണ്ടു പോയത്. ക്ലാസ്സു തുടങ്ങുന്നതിനു മുൻപ് വൽസമ്മടീച്ചർ അതേക്കുറിച്ചു തന്നെയാണ് കുട്ടികളോടുപറഞ്ഞത്. '
'മക്കളേ നിങ്ങൾ കണ്ടല്ലോ അല്ലേ. അപ്പന്റെയും അമ്മയുടെയും ഒറ്റ മോളാ അവള്. വിലകൂടിയ ഫോണിൽ ചാറ്റു ചെയ്തു കിട്ടിയ ഏതോ ഒരുത്തനെ കാണണമെന്നു പറഞ്ഞ് നടത്തിയ പരാക്രമങ്ങളാ നിങ്ങളു കണ്ടത്. സ്വന്ത മായി ഫോൺ ഉള്ളവരും മറ്റുള്ളവരുടെ ഫോണുകളിൽ നിന്ന് ചാറ്റു ചെ യ്യുന്നവരുമൊക്കെ ഒന്നു കൈ പൊക്കിക്കേ." ടീച്ചർ അങ്ങനെ പറഞ്ഞിട്ട് ഒരാൾ പോലും കൈ ഉയർത്തിയില്ല. എല്ലാവരും നിഷകളങ്ക ഭാവത്തിൽ ഞാനൊന്നുമറിഞ്ഞില്ലേ എന്നമട്ടിലിരുന്നു.
"ഓ എത്ര നല്ല കുട്ടികൾ! നീയൊക്കെ മനസ്സിലാക്കിക്കോ. ഞങ്ങളെ ബോധ്യപ്പെടുത്താൻ വേണ്ടി നല്ല പിള്ള ചമയേണ്ട കാര്യമില്ല. നിങ്ങളുടെ

യൊക്കെ മനസ്സിലിരിപ്പുകൾ കുറെ എനിക്കുമറിയാം. എന്തായാലും നിങ്ങൾ മനസ്സിലാക്കിക്കോ.... അധികമായാൽ അമൃതും വിഷമാ". ടീച്ചർ അതും പറഞ്ഞ് ഫോൺ ദുരുപയോഗങ്ങളെപ്പറ്റിയും പ്രായത്തിന്റെ ചാപല്യങ്ങളെക്കുറിച്ചുമെല്ലാം ക്ലാസ്സിൽ വിശദീകരിച്ചു.

അന്നുച്ചയ്ക്ക് നിമ്മിയുടെ ബാഗിൽ ഒരു ബീപ് ശബ്ദം കേട്ട് കുട്ടികൾ രഹസ്യമായി ടീച്ചറിനെ വിവരം അറിയിച്ചു. ടീച്ചർ കുട്ടികളെയെല്ലാം പുറത്താക്കി ഓരോരുത്തരുടെ ബാഗുകൾ പരിശോധിച്ചു. പതിനൊന്നു ഫോണുകൾ പല ബാഗുകളിൽ നിന്ന് പിടിച്ചെടുത്തു. ഒരു വിലകൂടിയ ഫോൺ സ്റ്റീനായുടെ ബാഗിൽ നിന്നാണ് കിട്ടിയത്. എല്ലാവരേയും ഹെഡ്മിസ്ട്രസ്സ് സിസ്റ്റർ ആനിയുടെ മുറിയിലേക്കു കൊണ്ടുപോയി.

"സ്റ്റീനാ.... നീ ആളു കൊള്ളാമല്ലോ?"

"സിസ്റ്ററേ എനിക്ക് ഫോണില്ല. എനിക്കിത് ഉപയോഗിക്കാനും അറിയില്ല. ഇതാരുടേതാണെന്ന് എനിക്കറിയില്ല".

"നിന്റെ ബാഗിൽ നിന്നാണല്ലോ ഇതു കിട്ടിയത്..."

ചോദ്യം ചെയ്യലുകൾക്കൊടുവിൽ ആളെ മനസ്സിലായി. അത് അനഘയുടെ ഫോൺ ആയിരുന്നു. പിടിക്കപ്പെടാതിരിക്കാൻ അവൾ ചെയ്തതാണ്. സ്റ്റീനയ്ക്ക് കണ്ണിൽ ഇരുട്ടു കയറുന്നതുപോലെ തോന്നി. ശരീരം വല്ലാതെ വിയർത്തുവന്നു. പെട്ടെന്നവൾ തലകറങ്ങി വീണു...കൂട്ടുകാരും അദ്ധ്യാപകരും വെള്ളം മുഖത്തൊഴിച്ചിട്ടും അവൾക്കു ബോധം തെളിഞ്ഞില്ല. ആശുപത്രിയിൽ എത്തിച്ച് ഒരു കുത്തിവെയ്പ് നൽകി കുറേക്കഴിഞ്ഞാണ് അവൾ സാധാരണ ജീവിതത്തിലേക്ക് എത്തിയത്. ഡോക്ടർ അവളോടു ചോദിച്ചു.... "മോൾക്ക് മുമ്പ് ഇങ്ങനെ ഉണ്ടായിട്ടുണ്ടോ". "ഒന്നുരണ്ടു തവണ...".

"കുറച്ചു വിശ്രമിക്കണം".

ശാലയിൽ തന്റെ കട്ടിലിൽ തന്നെയായിരുന്നു ആ രണ്ടു ദിവസവും അവൾ. ഗൊരേത്തിയമ്മയോട് അവൾ ചോദിച്ചു: "എന്താ സിസ്റ്റർ എന്റെ അസുഖം.."

"തലയടിച്ചു വീണതു കൊണ്ട് ഒരു ചെറിയ പ്രശ്നം. അത്രേയുള്ളൂ. സ്റ്റീനാ പ്രാർഥിക്ക്".

ജപമാലയിലെ മണികളിൽ അവൾ ഇറുകെപ്പിടിച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. "അമ്മേ നീയാണെന്റെ അമ്മ...എന്നെ സുഖപ്പെടുത്താൻ വരണേ...." പ്രാർത്ഥിച്ചു മയങ്ങിയപ്പോഴാണ് അവൾക്കങ്ങനെയൊരനുഭവം ഉണ്ടായത്.



# നിന്റെ ഹിതം എന്നിൽ നിറവേറട്ടെ

**സ്റ്റെഫി മംഗലത്തുകുന്നേൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ജീ**വിതത്തിൽ എന്തെങ്കിലുമൊക്കെ സ്വന്തമാക്കണമെന്നു മോഹിച്ചിട്ടുള്ളവരാണു നാമൊക്കെ. സ്വപ്നങ്ങൾ പൂവണിയാതെ വരുമ്പോൾ എറെ വേദനിച്ചിട്ടുമുണ്ട്. യൗസേപ്പ് എന്ന പുരുഷനുമായി വിവാഹനിശ്ചയം കഴിഞ്ഞിരുന്ന നസ്രസിലെ കന്യകയ്ക്കുമുണ്ടായിരുന്നു ഇതുപോലെ ഏറെ സ്വപ്നങ്ങൾ. വിശുദ്ധമായ ദൈവാനുഭവം നിറഞ്ഞ ഒരു കുടുംബം അവളും സ്വപ്നം കണ്ടിരുന്നിരിക്കണം. നെയ്തുകൂട്ടുന്ന സ്വപ്നങ്ങൾക്കിടയിൽ മറ്റൊരു സ്വപ്നം പോലയാണ് ഗബ്രിയേൽ ദൈവദൂതൻ പ്രത്യക്ഷപ്പെട്ടത്. "നീ ഭയപ്പെടേണ്ട, ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും" (ലൂക്കാ 1,30-31). തികച്ചും ന്യായമായ സംശയമാണ് മറിയത്തിനുണ്ടായത്. തൃപ്തികരമായ വിശദീകരണമാണോ ദൈവദൂതൻ നല്കിയതെന്നറിയില്ല. പക്ഷേ, വിശ്വസിക്കാൻ നിർബന്ധിക്കുന്ന വാക്കുകൾ: "ദൈവത്തിന് ഒന്നും അസാധ്യമല്ല" (1,37). വിവാഹത്തിനു മുൻപ് ഗർഭിണിയാകുന്നവളെ കല്ലെറിഞ്ഞു കൊല്ലുന്ന കാലത്ത് മുന്നും പിന്നും നോക്കാതെ തന്നോടു സംസാരിച്ചവനെ ദൈവമാണ് അയച്ചതെന്ന് വിശ്വസിച്ച മറിയം പറഞ്ഞു: "ഇതാ കർത്താവിന്റെ ദാസി: നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (1,38).

തികച്ചും നിനച്ചിരിക്കാത്ത നേരത്തുണ്ടാവുന്ന ഓരോ അനുഭവങ്ങളും കണ്ണുനീരോടെ, അപമാനഭാരത്തോടെ സ്വീകരിക്കേണ്ടിവരുമ്പോൾ, 'ദൈവത്തിനൊന്നും അസാധ്യമല്ല' എന്ന വിശ്വാസത്തിൽ 'നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ' എന്നു പറയുവാൻ എനിക്കും നിനക്കും സാധിക്കുമോ? അപ്രതീക്ഷിതമായി വരുന്ന രോഗങ്ങൾ, മാറാവ്യാധികൾ, സാമ്പത്തിക ഉയർച്ചയില്ലായ്മ, കുടുംബത്തിലെ അസ്വസ്ഥതകൾ, ഇനിയും

ആരോടും പറയാതെ ഉള്ളിൽ കൊണ്ടുനടക്കുന്ന നൊമ്പരങ്ങൾ... അമർഷവും വേദനയും കടിച്ചമർത്തി ജീവിക്കുമ്പോൾ ഒരു നിമിഷം ഒന്നു കണ്ണടച്ച് പരി. അമ്മയെക്കുറിച്ച് ധ്യാനിക്കാം.

അമ്മയുടെ പിന്നീടുള്ള ജീവിതം സൗഭാഗ്യങ്ങളുടെ ഘോഷയാത്രയായിരുന്നില്ല. വിവാഹനിശ്ചയശേഷം ഗർഭിണിയായ തന്നെ ഉപേക്ഷിക്കാൻ തീരുമാനിക്കുന്ന യൗസേപ്പിതാവ്, ലോകത്തിന്റെ മുമ്പിൽനിന്നുള്ള പരിഹാസ ശരങ്ങൾ, 'ദൈവഹിത'മാണെന്നു പറഞ്ഞാൽ ആരു വിശ്വസിക്കും? ഈശോ ജനിച്ചതിനുശേഷമോ... മരണംവരെ ഈശോയെക്കുറിച്ചുള്ള പരാതികൾ....യൗസേപ്പിതാവിന്റെ മരണം... അവസാനം, ദൈവപുത്രൻ എന്നു പറഞ്ഞവൻ നീചനായ കുറ്റവാളിയപ്പോലെ കുരിശിൽ....

പക്ഷേ തളർന്നില്ല അമ്മ, നിരാശയായില്ല... എന്തൊക്കെ സഹിക്കേണ്ടിവന്നാലും തന്റെ ഉള്ളിൽ വളർന്നവൻ ദൈവമാണെന്നും അവനൊന്നും അസാദ്ധ്യമല്ലെന്നും അമ്മ വിശ്വസിച്ചു. നിന്ദനങ്ങളിലും പരിഹാസങ്ങളിലും ദൈവഹിതം നിറവേറ്റുന്ന ജീവിതം അവൾ ആസ്വദിച്ചു.

'നന്മ നിറഞ്ഞ മറിയമേ' എന്നു പല ആവർത്തി ഉരുവിടുമ്പോൾ ഓർക്കാം മാമ്മോദീസായിലൂടെ ഉത്ഭവപാപത്തിൽനിന്നും മോചിക്കപ്പെട്ടവരാണ് നാം എന്ന്. കർമ്മപാപത്തിനു പരിഹാരം തേടാൻ കുമ്പസാരവും തിരുസ്സഭ തരുന്നുണ്ട്. ഹൃദയത്തിൽ നന്മ നിറയ്ക്കാൻ നമുക്കും അവസരമുണ്ട്. വിനിയോഗിക്കാം- വിശുദ്ധരാകാൻ. വിശുദ്ധർ ആകണം, ആയേ പറ്റൂ. ഇല്ലെങ്കിൽ ദൈവത്തിനു കണക്കു കൊടുക്കേണ്ടിവരും. കാരണം അവൻ നമ്മെ അയച്ചത് അതിനാണ്. പരി. അമ്മയുടെ ഉള്ളിൽ വസിച്ചവൻതന്നെ നമ്മുടെ ഓരോരുത്തരുടെയും ഉള്ളിലുണ്ട്. വിശ്വാസത്തോടെയുള്ള ബലിയർപ്പണവും പരി.കുർബാന സ്വീകരണവും നമ്മെ വിശുദ്ധരാക്കേണ്ടതല്ലേ? ജീവിതത്തിലെ അനുഭവങ്ങൾ വിശ്വാസത്തിന്റെ വെളിച്ചത്തിൽ കാണുവാനും മനസ്സു ശാന്തമാക്കുവാനും പരി. കുർബാന നമ്മെ സഹായിക്കും. മാത്രമല്ല ഏലീശ്വായുടെ പക്കലേക്ക് ഓടിയണഞ്ഞ പരി. അമ്മയെപ്പോലെ നമ്മിലുള്ള ഈശോയെ കൊടുക്കാതിരിക്കാൻ നമുക്കാവില്ല. ഉള്ളിൽ ഈശോയുണ്ടോ? ഉണ്ടെങ്കിൽ ഏതു വിധേനയും നാമവിടുത്തെ മറ്റുള്ളവർക്കു കൊടുക്കും. നമ്മുടെ ജീവിതം സമാധാനപൂർണ്ണമായിരിക്കും.

സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ട പരി. അമ്മ ഈശോയുടെ സാന്നിധ്യം അത്രമാത്രം അനുഭവിച്ചു. അമ്മ ദൈവം ഒരുക്കിയ സാഹചര്യങ്ങളെ പഴിച്ചില്ല, ശപിച്ചില്ല. നിർവികാരതയോടെയല്ല സന്തോഷത്തോടെയാണു സ്വീകരിച്ചത്. നമുക്കെന്തുകൊണ്ടാവുന്നില്ല? മറ്റുള്ളവർ പറഞ്ഞ ഒരു വാക്കിന്റെ പേരിൽ - ഞാനവരോടു ക്ഷമിച്ചു എന്നു പറയുമ്പോഴും - ഹൃദയത്തിൽ വിരോധം സൂക്ഷിക്കുന്നവരോട് ഈശോ പറയുന്ന വചനം (മത്താ 5,23-24) നമുക്കു ശ്രദ്ധാപൂർവ്വം ധ്യാനിക്കാം. നമുക്കു ശത്രുതയുള്ളവരോടു ക്ഷമിച്ചാൽമാത്രം പോരാ. നമ്മോടാർക്കെങ്കിലും ശത്രുതയുണ്ടെങ്കിൽ അതു പരിഹരിച്ചിട്ടേ ബലിയർപ്പിക്കാവൂ.

വിശുദ്ധമായ ജീവിതം നമുക്കും സാധ്യമാണ്. ഒരു ക്രിസ്ത്യാനിയായി, പരി. കുർബാന സ്വീകരിച്ച് ജീവിച്ചിട്ട് എന്റെ ചെയ്തികളാൽ നിത്യനരകത്തിന് അർഹത നേടിയാൽ ഉണ്ടാകുന്ന അവസ്ഥയെക്കുറിച്ച് ഒരു നിമിഷമെങ്കിലും ചിന്തിച്ചാൽ 'ഇനിയൊരു പാപം നാം ചെയ്യില്ല'. സ്വർഗ്ഗവും നരകവുമൊക്കെ എന്തെന്ന് കഴിഞ്ഞ ലക്കത്തിൽ നാ വായിച്ചുവല്ലോ. പരി. അമ്മയുടെ മാദ്ധ്യസ്ഥ്യം നമുക്കും തേടാം. 'പരിശുദ്ധ മറിയമേ തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിച്ചുകൊള്ളണമേ' ആമ്മേൻ.



പ്രതീക്ഷയുടെ
പൂമൊട്ടുകൾ



# വിശ്വാസം ഒരു തീർത്ഥാടനം

**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
റെക്ടർ, മേരിമാതാ മൈനർ സെമിനാരി, കാഞ്ഞിരപ്പള്ളി

സഭ വിശ്വാസികളുടെ സമൂഹമാണ്. സഭാമക്കളെ ക്രിസ്ത്യാനി അഥവാ മിശിഹായുടെ അനുയായികൾ എന്നാണല്ലോ വിളിക്കുന്നത്. അനു-യായിന് = അനു ചരൻ, പിന്നാലേ പോകുന്നവൻ, കൂട്ടുകാരൻ (യായി-യായിന് = പോകുന്ന(വൻ) എന്നർത്ഥം. അതായത് മിശിഹായോടുകൂടെ പോകുന്നവരാണ് ക്രിസ്ത്യാനി. അവരുടെ കൂട്ടായ്മയാണ് സഭ. ആകയാൽ സഭ എപ്പോഴും മുമ്പോട്ട് യാത്രചെയ്യുന്ന ചരിക്കുന്ന ഒരു സത്യമാണ്.

വിശ്വസിക്കുക എന്നാൽ ഒരു യാത്രയ്ക്ക് ഇറങ്ങുക എന്നാണ് സൂചിതം. പുറപ്പാടാണ് വിശ്വാസത്തിന്റെ സ്വഭാവം. വിശ്വാസികളുടെ പിതാവെന്നു വിശേഷിപ്പിക്കപ്പെടുന്ന അബ്രാഹം ദൈവവിളികേട്ട്

യാത്ര പുറപ്പെടുന്നു. അബ്രാമിൽ നിന്നും അബ്രാഹത്തിലേക്കുള്ള യാത്ര. ഹാരാൻ ദേശത്തുനിന്നും കാനാനിലേക്കും അവിടെനിന്നും മോറിയാ മലമുകളിലേക്കുമുള്ള ഒരു യാത്ര. അതിനിടയിൽ സോദോം ഗോമോറയും അദ്ദേഹം പിന്നിട്ടു.

അബ്രാഹത്തിന്റെ യാത്ര പിതൃഭവനത്തിൽനിന്നും സ്വജനത്തിൽനിന്നും മാത്രമല്ല സ്വന്തം ദേശത്തെയും വിട്ടുള്ള പുറപ്പാടായിരുന്നുവെങ്കിൽ അത് ഉജ്ജ്വലപ്രഭാവത്തിൽ എത്തിനിൽക്കുന്നത് മോറിയായുടെ നിറുകയിലാണ്. വിശ്വാസം ഒരു തീർത്ഥാടനമാണ്. - ദൈവഹിതത്തിന് സ്വയം സമർപ്പിക്കാനുള്ള ഒരു യാത്ര. വിശ്വാസം ഒരു പെസഹായാത്രയാണ്. അത് ഒരു കടന്നുപോകലാണ്. സ്വഹിതത്തിൽ നിന്ന് ദൈവഹിതത്തിലേക്കുള്ള ഒരു പെസഹാ. "എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നിറവേറട്ടെ" എന്ന ജീവിതാവസ്ഥയിലേക്കുള്ള ഒരു അനുയാത്ര.

പിതാവിനോടൊപ്പം യാത്രചെയ്ത പുത്രൻ പിതൃഹിതത്തിനു സ്വയം അർപ്പിച്ചതുപോലെ, പുത്രനോടൊപ്പം അനുയാത്രചെയ്യുന്നത് (ക്രിസ്ത്യാനിയായിരിക്കുന്നത്) പുത്രഹിതം നിറവേറ്റുന്നതിനുവേണ്ടിയാണ്. വിശ്വാസം ദൈവഹിതം നമ്മിൽ പൂർത്തിയാക്കപ്പെടുന്നതിനുള്ള ഒരു തീർത്ഥയാത്രയാണ് എന്ന് ദൈവാരാധനയുടെ റോമിലെ കോൺഗ്രിഗേഷന്റെ അധ്യക്ഷൻ റോബർട്ട് കാർഡിനൽ സാറ തന്റെ God or Nothing (pp. 199-200) എന്ന ഗ്രന്ഥത്തിൽ എഴുതുന്നു.

വിശ്വാസം സുനിശ്ചിതമായ ഒരു ലക്ഷ്യത്തിലേക്കുള്ള ഒരു യാത്രയാണ്. എങ്കിൽ ആ യാത്രയിൽ പലതിനെയും പിന്നിലേക്ക് തള്ളേണ്ടതുണ്ട്. അബ്രാഹത്തെപ്പോലെ സ്വന്തം ദേശത്തെയും പിതൃഭവനത്തെയും ബന്ധുക്കളെയും മാത്രമല്ല, ലോത്തിനെപ്പോലെ പട്ടണങ്ങളെയും പുറന്തള്ളണം. ആദ്യം മടികാട്ടിയ ലോത്ത് പിന്നീട് സോദോം ഗോമോറ പട്ടണം ഉപേക്ഷിച്ചു എങ്കിലും ദൈവദൂതൻ കാട്ടിക്കൊടുത്ത മലമുകളിലേക്ക് യാത്രയായില്ല. പകരം സ്വയം തിരഞ്ഞെടുത്ത സോവാറിൽ എത്തി. എന്നാൽ ആ പട്ടണത്തിൽ വസിക്കാൻ ലോത്തിന് ഭയം ഉളവായി. അവസാനം മലമുകളിൽ തന്നെ എത്തിച്ചേർന്നു (ഉൽപ 19,12-39). വിശ്വാസി ദൈവസാന്നിധ്യത്തിന്റെ മലമുകളിൽ വസിക്കേണ്ടവനാണ്. പട്ടണങ്ങളെ പിന്തള്ളാതെ അവനത് സാധ്യമല്ല. പട്ടണങ്ങൾ ഈ ലോകസൗഭാഗ്യത്തിന്റെ പ്രതീകമാണ്. പട്ടണം ഇന്നും മാഫിയസംഘങ്ങളുടെയും വാണിഭക്കാരുടെയും ലഹരിക്കച്ചവടക്കാരുടെയും ഇഷ്ടപ്രദേശമാണല്ലോ.

ഈശോയാകുന്ന പുതിയനിയമ മോശയുടെ പിന്നാലെ അവിടുന്ന് തെളിക്കുന്ന ഇടുങ്ങിയവഴിയിലൂടെ അടിമത്തങ്ങളുടെ, അന്യദേവന്മാരുടെ, പാപത്തിന്റെ, ഈജിപ്തിനെ വിട്ട് മുന്നോട്ടു പോകേണ്ടവനാണ് വിശ്വാസി. അവൻ ഇസ്രായേൽക്കാരെപ്പോലെ മിശിഹായുടെ കൃപയിൽ മാമ്മോദീസയാകുന്ന ചെങ്കടൽ കടക്കുകയും മേഘസ്തംഭത്തിന്റെയും അഗ്നിസ്തംഭത്തിന്റെയും അഭിഷേകത്തിൽ വ്യാപരിച്ച ദൈവജനത്തെപ്പോലെ ആത്മാഭിഷേകത്തിൽ സംരക്ഷിതരും ശാക്തീകരിക്കപ്പെട്ടവരുമായി ദൈവാനുഭവത്തിന്റെയും സംരക്ഷണത്തിന്റെയും മരുപ്രദേശമായ സഭയിലൂടെ സ്വർഗ്ഗീയമന്നയാകുന്ന, സ്വർഗ്ഗത്തിൽനിന്നും നൽകപ്പെട്ട ജീവന്റെ അപ്പം ഭക്ഷിക്കുകയും മിശിഹായാകുന്ന പാറയിൽ നിന്നൊഴുകുന്ന ജീവജലത്തിൽ നിന്നു പാനം ചെയ്കയും ചെയ്ത് മുന്നേറണം. കാനാൻദേശം ഈ യാത്രക്കവസാനമാണ് സംലഭ്യമാകുക.

ഈ യാത്രയ്ക്കിടയിൽ ജീവിതദുരിതങ്ങളാകുന്ന പ്രലോഭനങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നേക്കാം. സ്വർണ്ണകാളകളുടെ ആരാധനയ്ക്ക് സമ്മർദ്ദങ്ങൾ ഉണ്ടായേക്കാം. നഷ്ടസ്വപനങ്ങളുടെയും ജീവിതദുരിതങ്ങളുടെയും നടുവിൽ ദൈവത്തിനെതിരെയും മനുഷ്യർക്കെതിരെയും ശബ്ദം ഉയർത്തുവാൻ, പിറുപിറുക്കുവാൻ, പ്രലോഭകൻ ഇടയാക്കാം. ആകയാൽ ഉണർന്നിരിക്കണം. "ഞങ്ങൾ ശരീരത്തിൽ വസിക്കുന്നിടത്തോളം കാലം കർത്താവിൽനിന്ന് അകലെയാണെന്നു ഞങ്ങൾ അറിയുന്നു" എന്ന പൗലോസ്ശ്ലീഹായുടെ അവബോധം (2 കോറി 5,6) സഭാതനയർക്കേവർക്കും ഉണ്ടായിരിക്കണം. എങ്കിൽ മാത്രമേ "നിങ്ങൾ സമചിത്തതയോടെ ഉണർന്നിരിക്കുവിൻ. നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ, ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചുകൊണ്ടു ചുറ്റിനടക്കുന്നു. വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് അവനെ എതിർക്കുവിൻ. ലോകമെങ്ങുമുള്ള നിങ്ങളുടെ സഹോദരരിൽനിന്ന് ഇതേ സഹനം തന്നെ ആവശ്യപ്പെട്ടിരിക്കുന്നെന്ന് അറിയുകയും ചെയ്യുവിൻ; തന്റെ നിത്യ




മഹത്ത്വത്തിലേക്കു മിശിഹായിൽ നിങ്ങളെ വിളിച്ചിരിക്കുന്ന അനുഗ്രഹദാതാവായ ദൈവം നിങ്ങളെ അൽപകാലത്തെ സഹനത്തിനുശേഷം പൂർണരാക്കുകയും സ്ഥിരീകരിക്കുകയും ശക്തരാക്കുകയും ചെയ്യും. ആധിപത്യം എന്നും എന്നേക്കും അവന്റേതായിരിക്കട്ടെ! ആമേൻ" (1 പത്രോ 5,7-11) എന്ന തിരുവചനം ഗൗരവപൂർവം പരിഗണിക്കപ്പെടുകയുള്ളൂ.

ഇന്നത്തെ സഭയും വിശ്വാസവും ഇത്തരത്തിലുള്ള വലിയ പ്രലോഭനങ്ങളുടെ നടുവിലൂടെയാണ് കടന്നുപോകുന്നത്. ഭൗതികശാസ്ത്രത്തിന്റെ ഉന്നത വിതരണകേന്ദ്രങ്ങളായ വിദ്യാഭ്യാസ സ്ഥാപനങ്ങളും ശാസ്ത്രത്തിന്റെ കരുത്തിൽ ജീവൻ നിലനിർത്താനുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും മാനവവിഭവശേഷി കരുപ്പിടിപ്പിക്കുന്നതിനുള്ള നൂതന പരിശീലന സ്ഥാപനങ്ങളുമാകുന്ന "കാളക്കുറ്റന്മാരെ" നിർമ്മിച്ചെടുക്കുവാനും ഉയർത്തി നിർത്താനും ജനങ്ങൾ അതിനുചുറ്റും തിക്കിതിരക്കി തങ്ങളുടെ ജീവിതരക്ഷയുടെ മാർഗ്ഗമായി കണ്ട് അവയെ പ്രകീർത്തിക്കുവാനും തക്കവിധം അവയെ വാർത്തെടുക്കാനുള്ള 'സ്വർണ്ണ' പണ്ടങ്ങൾ ജനത്തിൽ നിന്നുതന്നെ സ്വരൂപിക്കാനുള്ള നൂതന തന്ത്രങ്ങൾ മെനയുമ്പോൾ മോശയോടൊപ്പം ദൈവജനത്തിന്റെ വിമോചനദൗത്യത്തിൽ പങ്കുകാരനായിരുന്നുകൊണ്ട് ജനത്തിന്റെമേൽ വിഗ്രഹാരാധന എന്ന വലിയൊരു പാപം വരുത്തിവച്ചവനായ അഹറോൻ പുനർജനിക്കുന്നു. പൗരോഹിത്യപട്ടം നൽകുന്ന ക്രമത്തിൽ "അഹറോന്റെ പൗരോഹിത്യം അവസാനിച്ചു" എന്ന് എടുത്തു പറയുന്നത് തിരുത്തപ്പെടേണ്ടതായി വരുമെന്ന സാഹചര്യം ഉണ്ടാകാനിടയാകും. സ്വർണ്ണകാളക്കുട്ടിയെ ആരാധിച്ച് സത്യദൈവത്തിൽ നിന്നകന്നു മരണത്തിന് ഇരയായ ദൈവജനത്തിന്റെ പരിതാപകരമായ അവസ്ഥ കണ്ട് വേദനയോടെ മോശ അഹറോനോടു ചോദിക്കുന്നു: "നീ ഈ ജനത്തിന്റെ മേൽ ഇത്രവലിയൊരു പാപം വരുത്തിവയ്ക്കുവാൻ അവർ നിന്നോട് എന്തു തെറ്റു ചെയ്തു?" (പുറ 32,21). അഹറോന്റെ മറുപടി അദ്ദേഹം സ്വീകരിക്കേണ്ടിയിരുന്ന വിവേകപൂർണ്ണമായ പ്രവൃത്തിയിലേക്കു തന്നെ വിരൽചൂണ്ടുന്നു. "ഈ ജനത്തിനു തിന്മയിലേക്കുള്ള ചായ്‌വ് അങ്ങേക്കറിവുള്ളതാണല്ലോ" (പുറ 32,22). തിന്മയിലേക്ക് ചായ്‌വുള്ള ജനത്തെ അതിൽ വീഴാതിരിക്കാൻ ശ്രദ്ധിക്കുകയും പാപസാഹചര്യം ഒഴിവാക്കുകയും ചെയ്യേണ്ടവനാണ് നേതൃത്വത്തിലുള്ളവൻ. വിവേകിയും ദൈവഹിതം ആരാഞ്ഞ് ദൈവജനത്തെ നയിക്കുവാൻ ആഗ്രഹിക്കുന്നവനുമായ ഒരുവൻ ജനത്തിനുണ്ടാകുന്ന നൈമിഷിക കഷ്ടതകളെയോ നേട്ടങ്ങളെയോ അല്ല പരിഗണിക്കേണ്ടത്. തിരുവചനം പറയുന്നു: "ഫറവോ ജനത്തെ വിട്ടയച്ചപ്പോൾ ഫിലിസ്ത്യരുടെ ദേശത്തുകൂടിയുള്ള വഴിയായിരുന്നു എളുപ്പമെങ്കിലും അതിലെയല്ല ദൈവം അവരെ നയിച്ചത്. കാരണം, യുദ്ധം ചെയ്യേണ്ടിവരുമോ എന്നു ഭയപ്പെട്ട്, മനസ്സുമാറി, ജനം ഈജിപ്തിലേക്കു മടങ്ങിയേക്കുമെന്ന് അവിടുന്നു വിചാരിച്ചു. ദൈവം ജനത്തെ മരുഭൂമിയിലുള്ള വഴിയിലേക്കു തിരിച്ചുവിട്ട് ചെങ്കടലിനു നേരേ നയിച്ചു" (പുറ 13,17-18). ദൈവരാജ്യത്തിലേക്കുള്ള വഴി വിശാലമല്ല, എളുപ്പമല്ല, കുറുക്കുവഴികളുമല്ല, അത് ഇടുങ്ങിയതും, കുരിശിന്റെ വഴിയുമാണ്.

കുരിശിൽ നിന്നിറങ്ങിവന്ന് അത്ഭുതം കാട്ടി ജനത്തിന് ആവേശം പകർന്ന് അവരെ രക്ഷിക്കുന്നവനല്ല, കുരിശിൽ സഹിച്ച് അവരുടെ പാപത്തിന്റെ ഭാരവും ഫലവും സ്വയം ഏറ്റെടുത്ത് അവരോടു ക്ഷമിക്കുന്നവനാണ് അവിടുന്ന്. പാപഭാരം ഏറ്റെടുക്കുന്ന തന്നിൽ വിശ്വസിക്കുന്നവർക്ക് രക്ഷ നൽകുവാനാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. അതേ രക്ഷകന്റെ ദൗത്യം തുടരുന്ന സഭ കുരിശിൽ നിന്നിറങ്ങാൻ, ജനമധ്യത്തിൽ കരുത്തുകാട്ടാൻ, അത്ഭുതം പ്രവർത്തിക്കാൻ പരിശ്രമിച്ചാൽ അത് രക്ഷകന്റെ വഴിയല്ല, രക്ഷയുടെ വഴിയുമല്ല. ലോകദൃഷ്ടിയിൽ മഹത്തരമായ പ്രവൃത്തികളിൽ ആകൃഷ്ടരായി എത്തുന്നവർക്ക് "ദൈവവചനവും അവിടുത്തെ വഴികളും അഗ്രാഹ്യങ്ങളായിരിക്കും". അവർ സാവധാനം അവസരത്തിനൊത്ത് അവിടുത്തെ വിട്ട് അകലുകയും ചെയ്യും (യോഹ 6,60-66).

ഉണരണം, കർത്താവിന്റെ മലയായ ഹോറേബിന്റെ മുകളിലേക്ക് മരുഭൂമിയുടെ തീക്ഷ്ണമായ ജ്വലനത്തിൽ മുന്നേറണം. ഹോറേബിന്റെ മുകളിൽ ആരവങ്ങളിൽ നിന്നും ആഘോഷങ്ങളിൽ നിന്നും അകന്ന് ഗുഹയിൽ വസിച്ച് അഗ്നിയുടെയും ഇടിമുഴക്കത്തിന്റെയും കൊടുങ്കാറ്റിന്റെയും "ശക്തികളിൽ" നിന്നും വിട്ട് മൃദുസ്വരത്തിൽ ദൈവസ്വരമറിഞ്ഞ ഏലിയാ പ്രവാചകന്റെ ജീവിതം ഇന്നു സഭാമക്കൾ കൈവരിക്കണം.



# ബന്ധമെവിടെ... സ്വന്തമെവിടെ?

**ഷീലമ്മ പൂതക്കുഴി**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

യാത്രയ്ക്കിടെ പരിചയപ്പെട്ട ഒമ്പതാം ക്ലാസ്സുകാരി... പഠിക്കാൻ മിടുക്കി. മുഖത്ത് സ്ഥായിയായ ശോകഭാവം. സിസ്റ്ററാണെന്നറിഞ്ഞ് എന്റെ മുമ്പിലവൾ മനസ്സുതുറന്നു. കാര്യമായ വരുമാനമില്ലാത്ത, ചെറിയ ജോലികൾ ചെയ്തു ജീവിക്കുന്ന അപ്പൻ. മാനസികരോഗിയായ അമ്മ. രണ്ട് പെൺമക്കളും അവർക്കു താഴെ ഒരു മകനുമടങ്ങുന്ന കുടുംബം. ഇടവകയിലെ ചില നല്ല മനുഷ്യരുടെ സഹായത്താൽ മൂത്തവൾ നഴ്സിംഗ് പഠിക്കുന്നു. ഇളയമകൻ നാലാം ക്ലാസ്സിലും. ഒന്നിനും താല്പര്യമില്ലാത്ത, വീട്ടുജോലിയിൽ ശ്രദ്ധിക്കാത്ത, മക്കളോടു കരുതലില്ലാത്ത, ആവശ്യമില്ലാതെ ശകാരിക്കുകയും വഴക്കിടുകയും ചെയ്യുന്ന അമ്മ. കുടുംബത്തെ മറന്ന്, രോഗിയായ ഭാര്യയെ മറന്ന്, അരുമകളായ മക്കളെ മറന്ന്, തന്റേതായ ഇഷ്ടങ്ങൾക്കു പ്രാധാന്യം നല്കി വഴിവിട്ട ജീവിതം നയിക്കുന്ന മദ്യപാനിയായ അപ്പൻ. ഇവർക്കിടയിൽ ഒറ്റപ്പെടുന്ന മക്കൾ. ഒരു നല്ല വാക്കു കേൾക്കാനില്ലാതെ, നല്ല ഭക്ഷണം കഴിക്കാനില്ലാതെ, സന്തോഷവും സമാധാനവും എന്തെന്നറിയാതെ ജീവിതം തള്ളിനീക്കുന്ന ഏതാനും ജന്മങ്ങൾ.




തന്റെ അപ്പന്റെ പരസ്ത്രീബന്ധത്തെക്കുറിച്ച് മറ്റുള്ളവരിൽനിന്ന് കേൾക്കേണ്ടിവരുന്ന മകൾ. "സ്വന്തം വീട്ടിലുണ്ടാക്കുന്ന ഒരേ സാമ്പാർതന്നെ നിത്യവും കഴിക്കുന്നതെങ്ങനെയാണ്" എന്നു ചോദിച്ച് പരസ്ത്രീഗമനം നടത്തുന്ന, നാട്ടുകാരുടെയും വീട്ടുകാരുടെയും മുമ്പിൽ പരിഹാസ്യനായ പിതാവ്. അയൽവീടുകളിലെ സ്ത്രീകളുടെ നിർദ്ദേശപ്രകാരം തന്റെ അപ്പന്റെ ഫോണിൽനിന്നും അവർക്ക് അയയ്ക്കുന്ന അശ്ലീല സന്ദേശങ്ങളും രഹസ്യത്തിൽ സമ്പാദിച്ച അയൽവീടുകളിലെ സ്ത്രീകളുടെ ഫോട്ടോകളും ഫോൺ നമ്പരുകളും ഡിലീറ്റു ചെയ്യേണ്ടിവരുന്ന നിസ്സഹായയായ കൊച്ചുപെൺകുട്ടി. സ്വന്തം അപ്പനെക്കുറിച്ച് ആ മകളുടെ മനസ്സിലുള്ള ചിത്രം എന്തായിരിക്കും? ഇങ്ങനെയൊരു മനുഷ്യനെ അപ്പനായി സ്വീകരിക്കാൻ ആർക്കാണാവുക?

കണ്ണീർവറ്റിയ, ദൈന്യത ഓളംവെട്ടുന്ന ആ കുഞ്ഞുകണ്ണുകളിൽ നിഴലിച്ച നിസ്സഹായതയുടെ മുമ്പിൽ എനിക്കുത്തരം മുട്ടി. പ്രായത്തിൽ കവിഞ്ഞ പക്വതയിലെത്തിയ അവൾക്ക് കളിചിരികൾ നിറഞ്ഞ, വർണ്ണാഭമായൊരു ബാല്യവും കൗമാരവും അന്യമാണെന്നു തോന്നി. അവളെ ചേർത്തുപിടിച്ച് ആശ്വസിപ്പിച്ച്, പ്രതീക്ഷയോടെ ജീവിക്കാനും നല്ലൊരു ഭാവിയെ ലക്ഷ്യം വച്ച് കഠിനാദ്ധ്വാനം ചെയ്യുവാനുമുള്ള നിശ്ചയദാർഢ്യത്തിലേക്കു നയിക്കാനും പരിശ്രമിച്ചു. ആ കുഞ്ഞുമാലാഖയുടെ മുഖം നീറുന്നൊരോർമ്മയായി മനസ്സിനെ പൊള്ളിക്കുകയാണ്.

പ്രിയപ്പെട്ട മാതാപിതാക്കളേ, കുടുംബത്തിന്റെ തായ്‌വേരാണ് നിങ്ങൾ. തായ്‌വേര് രോഗാതുരമായാൽ കുടുംബത്തിന്റെ സ്ഥിതി എന്തായിത്തീരും? വൃക്ഷം ചീത്തയെങ്കിൽ ഫലവും ചീത്ത. ഓരോ വൃക്ഷവും ഫലംകൊണ്ടു തിരിച്ചറിയപ്പെടുന്നുവെന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നു. ബന്ധവും സ്വന്തവും മറന്ന് സ്വന്തം സുഖംമാത്രം ലക്ഷ്യംവച്ചു ജീവിക്കുന്ന മാതാപിതാക്കന്മാർക്ക് മക്കൾ നല്ലവരാകണം എന്നു പറയാൻ എന്താണവകാശം? ജീവിതപങ്കാളിക്ക് മാറാരോഗമായിരിക്കെ ഊണും ഉറക്കവുമുപേക്ഷിച്ച് ശുശ്രൂഷിക്കുന്ന, ഒരാഘോഷങ്ങളിലും പങ്കെടുക്കാതെ കാവലിരിക്കുന്ന, പരസ്പരം താങ്ങും തണലുമാകുന്ന അനേകം ഉദാഹരണങ്ങൾ നേരിട്ടറിയാം. മാറുന്ന ആധുനികലോകത്തിന് അതൊക്കെ പഴങ്കഥ.

മാധ്യമങ്ങൾ കീഴടക്കിയ, അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിൽ ബന്ധങ്ങൾ അന്യമാവുകയാണ്. ഉപയോഗിച്ചു വലിച്ചെറിയുന്ന കച്ചവട മനസ്ഥിതി! ബന്ധങ്ങൾക്കു വില കല്പിക്കാതെയും മൂല്യങ്ങൾ കാറ്റിൽ പറത്തിയും ജീവിക്കുന്നവർ... ദൈവം കൂട്ടിച്ചേർത്ത പവിത്രമായ കുടുംബബന്ധങ്ങൾക്ക് അതിന്റേതായ ഒരു താളലയമുണ്ട്. ആ താളലയത്തിന് ശ്രുതിഭംഗം വരുത്തുകവഴി അപസ്വരം ഉയരാൻ മാതാപിതാക്കളുടെ പ്രവൃത്തി കാരണമാകരുത്. നിങ്ങളുടെ മാതൃകയാണ് നിങ്ങളുടെ മക്കൾ അനുധാവനം ചെയ്യുന്നത്. പ്രാർത്ഥനയുടെ ചരടിൽ കുടുംബത്തെ ചേർത്തുപിടിച്ച്, ആരോഗ്യവും സമയവും തന്റെ കുടുംബത്തിനും കുഞ്ഞുങ്ങൾക്കുമായി വ്യയം ചെയ്യാനുള്ള സന്നദ്ധതയും, സ്വന്തം ഉദരപൂരണംമാത്രം ലക്ഷ്യം വയ്ക്കാതെ, തന്റെ കുടുംബത്തിലുള്ളവരുടെ വിശപ്പകറ്റാനുള്ള വ്യഗ്രതയും ഓരോ കുടുംബനാഥനുമുണ്ടാകണം.

ദൈവം തന്ന ജീവിതപങ്കാളി രോഗിയാകാം, കുറവുകളുണ്ടാകാം. അവരെ പാതിവഴിയിൽ ഉപേക്ഷിച്ച് ഊനമറ്റതിനെ തേടിപ്പോകുന്നത് ദൈവത്തിന്റെ മുമ്പിൽ നീതീകരിക്കപ്പെടുകയില്ല. കുറവുള്ളതിനെ, ആ കുറവോടുകൂടി സ്വീകരിക്കുന്നതാണ് ദൈവികത. അങ്ങനെ സ്വീകരിക്കണമെങ്കിൽ വിശ്വാസത്തിൽ ആഴപ്പെടണം. മുൾച്ചെടികൾക്കിടയിലും പാറമേലും വഴിവക്കിലും വീണ വിത്തുപോലെയാകാതെ, ആഴത്തിൽ വേരോടി ഫലംചൂടുന്ന വിത്തായി നാം മാറണം. പൈതൃകമായി പകർന്നുകിട്ടിയ വിശ്വാസത്തെ കുടുംബപ്രാർത്ഥനയിലൂടെ, പരി. ബലിയിലുള്ള ഭാഗഭാഗിത്വത്തിലൂടെ നമുക്കു കരുപ്പിടിപ്പിക്കാം. ആത്മാർത്ഥതയോടെ വി. കുമ്പസാരത്തിനണയാം. കുരിശുമരണത്തോളം സ്നേഹിക്കാനായവന്, പൊറുക്കാൻ കഴിയാത്ത എന്തപരാധമാണുള്ളത്? ഹൃദയപരമാർത്ഥതയോടെ ഏറ്റുപറയാം - "ദാവീദിന്റെ പുത്രാ... കനിയണമേ". മേലിൽ പാപം ചെയ്യുകയില്ല എന്നേറ്റു പറഞ്ഞുകൊണ്ട് ജീവിതം തിരിച്ചുപിടിക്കാൻ ദൃഢപ്രതിജ്ഞ ചെയ്യാം.

# സമ്പൂർണ്ണ സമർപ്പണം

**ഫാ. ഷിബു പുളിക്കൽ**
നെരൂൾ, കല്യാൺ രൂപത

"ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (ലൂക്കാ 1,38). പരിശുദ്ധ അമ്മയുടെ ആദ്യവ്രതവും നിത്യവ്രതവും ഈ വാക്കുകളിൽ പ്രകടമാകുന്നു. സമ്പൂർണ്ണമായ സമർപ്പണം... ഉദാത്തമായ സമർപ്പണം... ദൈവതിരുഹിതത്തിനു മുമ്പിൽ സ്വന്തം ഇഷ്ടങ്ങളെ ബലികൊടുക്കുന്ന ബലിയർപ്പണം. ഇനി മേലിൽ ഞാനല്ല, മിശിഹായാണ് എന്നിൽ ജീവിക്കുന്നതെന്ന (ഗലാ 2,20) പൗലോസ്ശ്ലീഹായുടെ വാക്കുകൾ ചേർത്തു വായിക്കുമ്പോൾ, പരി. അമ്മയുടെ ബലിയർപ്പണത്തിന് മാറ്റു കൂടുന്നു.

സമ്പൂർണ്ണമായ സമർപ്പണമാണ് ഏറ്റവും വലിയ ബലി; അതാണ് ശ്രേഷ്ഠമായ ആരാധന. ആവശ്യമായവയെ നമുക്കായി മാറ്റിവച്ചിട്ട്, ആവശ്യമില്ലാത്തവയെന്നു തോന്നുന്നവയെ സമർപ്പിക്കുന്നതല്ല ബലി. കായേൻ അർപ്പിച്ച ബലിയിൽ ദൈവം സംപ്രീതനാകാതിരുന്നതും ഈ കാരണം കൊണ്ടാണ്. ദൈവം നമുക്ക് എല്ലാം നല്കി; നമുക്ക് ദൈവം തന്നതിൽനിന്നും സമർപ്പിക്കുക.

വിധവയായ സ്ത്രീ പ്രശംസിക്കപ്പെടുന്നത് സമ്പൂർണ്ണ സമർപ്പണത്തിന്റെ പേരിലാണ്. ഒരു പാട്ടിന്റെ വരികൾ ഇങ്ങനെയാണ്: 'സമ്പൂർണ്ണമായ് നല്കാൻ ബലിവേദിമുന്നിൽ/ അണയുന്നു ഞങ്ങൾ അഖിലേശ്വരാ/ അൾത്താരയിൽ വയ്ക്കാൻ ആത്മാവിലൊരുപിടി/ കാഴ്ചകളുണ്ടല്ലോ സർവ്വേശ്വരാ'. ഈ ലോകത്തിൽനിന്നും പോകുമ്പോൾ ഭൗമികമായ ഒന്നും കൊണ്ടുപോകുവാൻ നമുക്കു സാധിക്കില്ല. ഡേവിസ് ചിറമ്മേൽ അച്ചന്റെ 'ജീവൻ പങ്കിടാം' എന്ന പുസ്തകത്തിലെ ഒരു സംഭവം ഇവിടെ കുറിക്കുന്നു.

ഡേവിസച്ചൻ പറയുന്നത് ബെന്നി എന്ന ചെറുപ്പക്കാരന്റെ കഥയാണ്. അടിമാലിയിലാണ് ബെന്നിയുടെ വീട്. വൃക്ക ദാനംചെയ്യാൻ തയ്യാറായാണ് ബെന്നി വന്നിരിക്കുന്നത്. ഭാര്യയും രണ്ടു കുട്ടികളും കൂടെ വന്നിരിക്കുന്നു. ടെസ്റ്റുകൾ നടത്തിയപ്പോൾ കിഡ്നി എടുക്കാൻ പറ്റിയ സ്ഥിതിയിലല്ല. വളരെ സങ്കടത്തോടെ തിരിച്ചു പോകുമ്പോൾ ബെന്നി പറഞ്ഞു: "അച്ചാ, കിഡ്നി കൊടുക്കാൻ പറ്റിയില്ലെങ്കിൽ പോട്ടെ, കരളുകൊടുക്കാൻ ഞാൻ തയ്യാറാണ്". 14 മണിക്കൂർ നീണ്ട ഓപ്പറേഷനും വേദനയുമൊന്നും അവന് പ്രശ്നമല്ല. അങ്ങനെ ബെന്നി അവന്റെ കരൾ ഒരു പാവപ്പെട്ടവന് മുറിച്ചു നല്കി. അച്ചൻ പറയുന്നു... ഒരു മീറ്റിംഗിനുപോലും വിളിച്ചാൽ എന്തു കിട്ടും എന്നു ചിന്തിച്ചുവരുന്നവരാണ് ഭൂരിഭാഗം ആളുകളും. അതിനിടയിലാണ് തനിക്ക് നഷ്ടപ്പെടുകയാണെന്നറിഞ്ഞിട്ടും ആവശ്യമുള്ളവനെ സഹായിക്കാൻ ഓടിയെത്തുന്ന ബെന്നിയെപ്പോലെയുള്ള വിശുദ്ധമായ മനുഷ്യർ. ഇങ്ങനെയുള്ളവരുടെ സാന്നിദ്ധ്യംകൊണ്ടായിരിക്കാം ദൈവം ഈ ഭൂമിയെ ഇനിയും സംരക്ഷിക്കുന്നത്.

വീണ്ടും പരിശുദ്ധ ബലിക്ക് ഒരുക്കമായി പാടുന്ന ഗാനം ആവർത്തിക്കട്ടെ...

'സമ്പൂർണ്ണമായ് നല്കാൻ ബലിവേദിമുന്നിൽ
അണയുന്നു ഞങ്ങൾ അഖിലേശ്വരാ
അൾത്താരയിൽ വയ്ക്കാൻ ആത്മാവിലൊരുപിടി
കാഴ്ചകളുണ്ടല്ലോ സർവ്വേശ്വരാ'.

ഈ ഗാനത്തിന്റെ ഈരടികൾ കാതുകളിൽ മുഴങ്ങുമ്പോൾ നമുക്കും പറയാം: ഇതാ, കർത്താവിന്റെ ദാസൻ/ദാസി.



# വാർദ്ധക്യത്തെ വസന്തമാക്കണം!

**ടോംസ് ആന്റണി**
തത്തംപള്ളി

ആലപ്പുഴ ജില്ലയിലെ ഒരു ബ്ലോക്ക് പഞ്ചായത്ത് സംഘടിപ്പിച്ച വയോജന സംഗമത്തിൽ വിവിധ പഞ്ചായത്തുകളിൽ നിന്നെത്തിയ 400 ഓളം വയോജനങ്ങൾക്ക് ക്ലാസ്സ് നയിക്കുവാനുള്ള ഭാഗ്യം കഴിഞ്ഞവർഷം ഉണ്ടായി. മുന്നിലിരുന്ന ഒരു എഴുപതുകാരി അമ്മ എന്റെ ക്ലാസ്സ് തീരുന്നതുവരെ കണ്ണീരൊഴുക്കി എന്നെത്തന്നെ നോക്കിയിരിക്കുന്നതു ഞാൻ കണ്ടു. പരിപാടി അവസാനിച്ചപ്പോൾ ആ അമ്മ എന്റെ അടുത്തുവന്നു പറഞ്ഞു. “മോനേ, ഇരുപത്തിയഞ്ചുവർഷം മുൻപ് എന്റെ മകൻ മരിച്ചു. ഇന്ന് അവൻ ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ ഇതേപോലെ തന്നെ ഇരുന്നേനെ. മോനെ കണ്ടപ്പോൾ എന്റെ മോനെ ഞാൻ ഓർത്തുപോയി” എന്നെ കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞുകൊണ്ട് ആ അമ്മ പറഞ്ഞപ്പോൾ എന്റെ ഉള്ളും പിടഞ്ഞു. ഇരുപത്തിയഞ്ചുവർഷം മുൻപ് മരിച്ച തന്റെ മകനെ നീറുന്ന വേദനയുമായി ഇന്നും ഓർത്തിരിക്കുന്ന ഒരമ്മ! അങ്ങനെ എത്രയെത്ര അമ്മമാരാണ് നമ്മുടെ നാട്ടിൽ ഇന്നും ഹൃദയവേദനയോടെ ജീവിതം മുന്നോട്ടുനയിക്കുന്നത്. ഇങ്ങനെയുള്ള വൃദ്ധജനങ്ങൾ ഇപ്പോഴും

മക്കളെ ഓർക്കാറുണ്ട്. തിരിച്ച് മക്കൾ തങ്ങളുടെ വൃദ്ധരായ മാതാപിതാക്കളെ ഓർമ്മിക്കാറുണ്ടോ?

**വാർദ്ധക്യകാലം**: ബാല്യം പോലെതന്നെ വളരെ പ്രത്യേകതയുള്ള ജീവിതചക്രത്തിന്റെ അവസ്ഥയാണ് വാർദ്ധക്യം. ആരോഗ്യരംഗത്തുണ്ടായ പുരോഗതി മൂലം ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ ക്രമാതീതമായ വർദ്ധനവാണ് കഴിഞ്ഞ വർഷത്തിനിടയിൽ ഉണ്ടായിട്ടുള്ളത്.

60 വയസ്സിനുമേൽ പ്രായമുള്ളവരെയാണ് വയോജനങ്ങൾ എന്ന് പൊതുവേ വിളിക്കുന്നത്. ചില രാജ്യങ്ങളിൽ ഇത് 65 വയസ്സിനുമുകളിൽ പ്രായമുള്ളവരെയാക്കി മാറ്റിയിട്ടുണ്ട്. 60 വയസ്സിനുമുകളിൽ പ്രായമുള്ളവർ കേരളത്തിൽ ജനസംഖ്യയുടെ 12% ആണ്. 2025 ഓടെ ഇത് 20 ശതമാനമായി വർദ്ധിക്കും എന്നാണ് കണക്കാക്കപ്പെടുന്നത്.

ഇത് കേരളത്തിന്റെ മാത്രം പ്രശ്നമല്ല. ആഗോളപ്രശ്നമാണ്. 90 വയസ്സ് കഴിഞ്ഞ ലക്ഷക്കണക്കിനാളുകളാണ് ബ്രിട്ടനിലുള്ളത്. ചൈനയിലും വയോജനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു. പത്തുവർഷം മുമ്പ് 70 വയസ്സ് എന്നത് വലിയ പ്രായമായിരുന്നു; ഇന്നത് 80 ൽ എത്തിനിൽക്കുന്നു. ഇനി ഒരു പത്തുവർഷം കൂടി കഴിയുമ്പോൾ അന്നത്തെ യുവജനങ്ങളുടെ എണ്ണത്തിന് ഒപ്പമായിരിക്കും വയോജനങ്ങളുടെ എണ്ണവും. ലോകാരോഗ്യ സംഘടനയുടെ കണക്കുപ്രകാരം ലോകത്താകമാനം ഏകദേശം 60 കോടി വയോജനങ്ങളാണ് ഉള്ളത്. വരുന്ന 10 വർഷത്തിനുള്ളിൽ ഇത് ഇരട്ടിയായി വർദ്ധിക്കും എന്നു കരുതപ്പെടുന്നു. പ്രായം വിലയിരുത്തി വയോജനങ്ങളെ മൂന്നായി ഈ രംഗത്തുള്ള ആരോഗ്യ പ്രവർത്തകർ തിരിക്കാറുണ്ട്. 60 മുതൽ 70 വരെ പ്രായമുള്ളവരെ യങ് ഓൾഡ്, 70 മുതൽ 80 വരെ പ്രായമുള്ളവരെ മിഡിൽ ഓൾഡ്, 80 നുമുകളിൽ പ്രായമുള്ളവരെ ഓൾഡ് ഓൾഡ് എന്ന്.

**വാർദ്ധക്യം നേരിടുന്ന പ്രശ്നങ്ങൾ**: കേരളത്തിലെ ഒരു റെയിൽവേ സ്റ്റേഷനിൽ അമ്മയെ ഉപേക്ഷിച്ച് ഒരു മകൻ കടന്നുകളഞ്ഞത് നാം മറന്നിട്ടില്ല; പട്ടിയെയും പൂച്ചയേയും വഴിയിൽ ഉപേക്ഷിക്കുന്ന ലാഘവത്തോടെയാണ് ഈ ക്രൂരത ആ യുവാവ് തന്റെ അമ്മയോട് കാട്ടിയത്. അമേരിക്കയിലായിരുന്ന മകൻ നാട്ടിൽ വന്നപ്പോൾ ഫ്ളാറ്റിൽ കസേരയിൽ പുഴുവരിച്ച് അസ്ഥികൂടം മാത്രമായിത്തീർന്ന അമ്മയെ കണ്ടത് നാം വായിച്ചത് ആശങ്കയോടെയാണ്. ഒന്നരവർഷം മുമ്പാണത്രേ ആ മകൻ അമ്മയോട് ഫോണിലൂടെപോലും അവസാനമായി സംസാരിച്ചതത്രേ! കാസർഗോട് പുത്തിഗ എന്ന സ്ഥലത്ത് ഹരി എന്ന യുവാവ് ജോലിക്കുപോകാതെ തന്റെ അച്ഛന്റെ കൂടെയിരുന്ന് ശുശ്രൂഷിക്കുന്നത് മാതൃഭൂമിയിലെ "നല്ല വാർത്ത"യിലൂടെ വന്നത് ചില നല്ല മക്കൾ വാർദ്ധക്യത്തിൽ മാതാപിതാക്കൾക്ക് കാവലാകുന്നതിന്റെ ശുഭസൂചനയാണ്.

വയോജനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതോടൊപ്പം അവരുടെ പ്രശ്നങ്ങളും വർദ്ധിക്കുന്നതായി കാണാം. ഏകാന്തതയും വിരസതയുമാണ് വാർദ്ധക്യത്തിന്റെ ഏറ്റവും വലിയ പ്രശ്നം. കേരളത്തിലെ പല വീടുകളിലും പട്ടിയെപ്പോലെ വീടു സൂക്ഷിക്കുന്നവരായി ചില വൃദ്ധദമ്പതികൾ മാറിയിരിക്കുന്നു. ജീവിതായോധനത്തിനുള്ള പരക്കം പാച്ചിലിനിടയിൽ മാതാപിതാക്കളെ നാട്ടിൽ 'ഉപേക്ഷിച്ച്' വിദേശത്തേക്ക് പോകുന്ന മക്കളുടെ എണ്ണം കൂടുകയാണ്. ദമ്പതികളായി കഴിഞ്ഞുവരുന്നവരും, അല്ലാതെ ഒറ്റയ്ക്ക് ഭീതിയുടെ നിഴലിൽ വീടുകളിൽ താമസിക്കുന്നവരും, വിരളമല്ല. മക്കളുടെ അഭാവത്തിൽ സഹായിക്കാനായി എത്തുന്നവരിൽ നിന്ന് ഒട്ടേറെ ചൂഷണം ഇവർ




നേരിടുന്നുവെന്ന് പറയാതെവയ്യ! വീടിന് കാവലിരിക്കുന്നവർ രോഗികളാണെങ്കിലോ അവരുടെ കഷ്ടപ്പാടുകൾ എത്രയോ ദുരിതപൂർണ്ണമാണ്!

ഒന്നും ചെയ്യാനില്ലാത്ത അവസ്ഥയിൽ നിന്നാണ് വിരസത ഉടലെടുക്കുന്നത്. എന്തെങ്കിലുമൊക്കെ ബോധപൂർവ്വം ചെയ്യുകയാണെങ്കിൽ വിരസത ഒഴിവാക്കാം. പഞ്ചായത്തുകളിലും മറ്റുമുള്ള പകൽവീടുകളെ ഫലപ്രദമായി ഉപയോഗിച്ചാൽ വിരസതയെ കുറെയൊക്കെ ദുരീകരിക്കാം. പങ്കാളിയുടെ മരണം, ഏകനായി ഇരിക്കുക, നിത്യരോഗിയായിരിക്കുക, സാമ്പത്തിക നഷ്ടം സംഭവിക്കുക എന്നീ കാരണങ്ങളാൽ ഏകാന്തത അനുഭവപ്പെടാം. വയോജനങ്ങളിലെ വിരസതയും ഏകാന്തതയും ഒഴിവാക്കുവാൻ വീട്ടുകാരും, സമൂഹവും ഗവൺമെന്റും ബോധപൂർവ്വം ശ്രമിക്കേണ്ടതുണ്ട്. കുട്ടികളെ വയോജനങ്ങളുമായി കളിക്കുവാനും, കൂട്ടിരിക്കുവാനും പഠിപ്പിക്കുക എന്നത് ഗൗരവത്തോടെ ചെയ്യേണ്ട ഒന്നാണ്. കുട്ടികളുടെ ജന്മദിനാഘോഷങ്ങൾ വൃദ്ധമന്ദിരങ്ങളിൽ കൊണ്ടുപോയി ആഘോഷിക്കുക, ഇടയ്ക്കിടെ വൃദ്ധമന്ദിരങ്ങൾ സന്ദർശിച്ച് അവരോടൊത്ത് അല്പനേരം ഇരുന്ന് അവരെ കേൾക്കുവാൻ തയ്യാറാവുക, ക്ലാസ്സിലെ അദ്ധ്യാപകർ കുട്ടികളുമൊത്ത് വൃദ്ധമന്ദിരങ്ങൾ സന്ദർശിക്കുക, അവരോടൊത്ത് ഭക്ഷണം കഴിക്കുക, കുട്ടികളുടെ വിവിധ ക്ലബ്ബുകൾ വഴി ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുക എന്നിവയെല്ലാം കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

**മാനസിക പ്രശ്നങ്ങൾ**: വാർദ്ധക്യം നേരിടുന്ന മാനസിക പ്രശ്നങ്ങൾ നിരവധിയാണ്. സമകാലീനരുമായി സംവദിക്കാനുള്ള അവസരം പോലും അവർക്ക് നിഷേധിക്കപ്പെടുന്നു. മരണഭീതിയാണ് വാർദ്ധക്യത്തിന്റെ ഏറ്റവും പ്രധാന പ്രശ്നം. മരണം മാത്രം കാത്തുകഴിയുകയാണ് പലരും. തങ്ങളെ ആർക്കും വേണ്ട എന്നും, തങ്ങൾ മറ്റുള്ളവർക്ക് ഒരു ബാദ്ധ്യതയായി മാറുകയാണെന്നും പലരും ചിന്തിക്കുന്നു. വിധവകൾക്കായി ഒരു പരിശീലനം നടത്തിയപ്പോൾ തുടക്കത്തിൽ ഞാൻ അവരോട് ചോദിച്ചു "നിങ്ങൾ എന്താണ് ഇപ്പോൾ മനസ്സിൽ വിചാരിക്കുന്നത്?" ഒന്നടങ്കം എല്ലാവരും പറഞ്ഞു "എന്തു വിചാരിക്കാനാ; ഞങ്ങൾ മരണം കാത്തുകഴിയുകയാണ്." അവരുടെ പൊടുന്നനവേയുള്ള ഉത്തരം എന്നിൽ അത്ഭുതവും ആശങ്കയും ഒപ്പം നടുക്കവും ഉളവാക്കി.

വാർദ്ധക്യം ഒരു ശാപമായാണ് പലരും കണക്കാക്കുന്നത്. എന്നാൽ വാർദ്ധക്യം ശാപമല്ല; പുണ്യമായി തന്നെ കണക്കാക്കണം. ഇത്രയും നാൾ പരിപാലിച്ച ദൈവത്തിന് നന്ദി പറയുവാനും തങ്ങളിലൂടെ മറ്റുള്ളവർക്കുണ്ടായ നന്മയിൽ ആനന്ദിക്കാനും, തങ്ങളുടെ വാർദ്ധക്യത്തിന്റെ അനുഭവസമ്പത്തുക്കൾ മറ്റുള്ളവർക്ക് പങ്കുവയ്ക്കുവാനും കഴിയണം.

വാർദ്ധക്യം ഭാരമാണെന്ന് ചിലർ കരുതാറുണ്ട്. വാർദ്ധക്യം ഭാരമല്ല, മറിച്ച് ഭാരമാക്കിത്തീർക്കുകയാണ് പലരും. "ലോകത്തിലെ ഏറ്റവും വലിയ ഭാരമേതാണ്?" ഇത്തരമൊരു ചോദ്യം നമ്മോടുതന്നെ ചോദിക്കണം. ഉത്തരം ലളിതം; "വഹിക്കാൻ ഒന്നുമില്ലാത്തതാണ് ഏറ്റവും വലിയ ഭാരം!" ജോലിയിൽ നിന്നൊക്കെ വിരമിച്ച് മക്കളെയൊക്കെ കെട്ടിച്ചയച്ച്, ഇതര പ്രാരാബ്ദങ്ങളൊക്കെ പൂർത്തീകരിച്ച് വീട്ടിൽ വെറുതെ ഇരിക്കുമ്പോഴാണ് ഭാരം അനുഭവപ്പെടുക. ജീവിതാന്ത്യത്തോളം ചെറിയ ചെറിയ ഭാരങ്ങൾ ഏറ്റെടുക്കുമ്പോഴാണ് ഭാരമില്ലായ്മ അനുഭവപ്പെടുക എന്നോർക്കുക.

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

മംഗലവാർത്തക്കാലത്ത് നാം അനുസ്മരിക്കുന്ന ദൈവത്തിന്റെ വലിയ രഹസ്യം മനുഷ്യാവതാരമാണ്. മനുഷ്യർക്കു കാണാവുന്ന വിധത്തിൽ അരൂപിയായ ദൈവം മനുഷ്യരുടെ മദ്ധ്യേ കടന്നുവന്ന മഹാസംഭവം. ഇപ്രകാരം കടന്നുവരുവാൻ അദൃശ്യനായ ദൈവത്തെ പ്രേരിപ്പിച്ചത് ഒന്നുമാത്രമാണ് - അവിടുത്തെ രക്ഷാകരസ്നേഹം. അവിടുന്നു സ്നേഹംതന്നെയാണ്. മനുഷ്യരുടെ മദ്ധ്യേ, മനുഷ്യർക്കു കാണാവുന്നവിധം കടന്നുവന്ന ദൈവത്തെ മറ്റാരെക്കാളും അടുത്തറിഞ്ഞ യോഹന്നാനാണല്ലോ ദൈവത്തിനു "സ്നേഹം" എന്ന നിർവചനം നല്കിയത്: "ദൈവം സ്നേഹമാണ്. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു" (1 യോഹ 4,16). മനുഷ്യാവതാരം നിത്യപുരോഹിതനായ ഈശോയുടെ പുരോഹിതാഭിഷേകമാണെന്നു പറയാം. ദൈവത്തെയും മനുഷ്യനെയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം പണിയുന്നവനാണല്ലോ പുരോഹിതൻ. നിത്യപുരോഹിതനായ മിശിഹായാകുന്ന പാലം പണിയപ്പെട്ടത് രക്ഷാകരസ്നേഹംകൊണ്ടാണെങ്കിൽ ഈ പൗരോഹിത്യത്തെ പ്രതിനിധീകരിക്കുന്ന നമ്മുടെ ഓരോരുത്തരുടെയും ജീവിതം രക്ഷാകരസ്നേഹത്തിന്റെ പാലമാക്കിത്തീർക്കുവാൻ നമുക്കു പരിശ്രമിക്കാം.

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**


## വാർത്തകൾ

അപ്പസ്തോലിക് സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിൽ മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി ജനറൽ മേജർ ഫാദർ മല്പാൻ മാത്യു വെള്ളാനിക്കൽ അച്ചൻ നവംബർ 5-ാം തീയതി റോമായിലേക്കു പോയി. നവംബർ 7,8,9 തീയതികളിൽ റോമിൽ വച്ചുനടന്ന മീറ്റിംഗിൽ സംബന്ധിച്ചു. നവംബർ 7-ാം തീയതി റോമാ രൂപതയുടെ മെത്രാനായ പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ പുതിയ വികാരിയായി നിയമിതനായ ആർച്ചുബിഷപ്പ് ആഞ്ചെലോ ഡി ദൊണാത്തിസിനെ കണ്ട് ആദരവും അഭിവാദനവും അർപ്പിക്കുകയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാര്യങ്ങൾ ചർച്ചചെയ്യുകയും ചെയ്തു. നവംബർ 10 ന് റോമിൽനിന്നും അമേരിക്കയിലേക്കു പോവുകയും 13,14 തീയതികളിൽ അമേരിക്കയിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് അംഗങ്ങളായ വൈദികരോടൊപ്പം താമസിച്ച് തന്റെ സാന്നിദ്ധ്യവും പ്രബോധനവുംകൊണ്ട് അവരെ അനുഗ്രഹിക്കുകയും ചെയ്തു. നവംബർ 15 മുതൽ 17 വരെ ചിക്കാഗോയിലും 18 മുതൽ 23 വരെ കാനഡായിൽ ടൊറോന്തോയിലും അഭിവന്ദ്യ പിതാക്കന്മാരെയും വൈദികരെയും സന്ദർശിച്ചതിനു ശേഷം നവംബർ 25-ാം തീയതി ഇന്ത്യയിൽ തിരിച്ചെത്തും.

-സെനക്കിൾ വൈദിക കൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



പ്രതീക്ഷയുടെ പൂമൊട്ടുകൾ



ആരോ പറഞ്ഞു കേട്ട കഥയാണ്. നരകത്തിൽ വലിയ പ്രതിസന്ധി. അങ്ങോട്ടേയ്ക്കുള്ള മനുഷ്യരുടെ വരവ് കുറഞ്ഞത്രേ. ഭൂമിയിൽ നന്മ കൂടിവരുന്നു. എന്താണിതിനൊരു പരിഹാരം? ലൂസിഫറിന്റെ തല പുകഞ്ഞു. അടിയന്തിരമായി ഉന്നതതലയോഗം കൂടി. പലരും പല പോംവഴികളും പറഞ്ഞെങ്കിലും ലൂസിഫറിന് അതൊന്നും സ്വീകാര്യമായില്ല. അവസാനം ഒരു കൊച്ചു പിശാച് മുമ്പിലേയ്ക്ക് വന്ന് താണുവണങ്ങി പറഞ്ഞു. "പ്രഭോ, തിരുമനസ്സെങ്കിൽ ഞാൻ ഭൂമിയിലേയ്ക്ക് പോകാം". അവനെ കണ്ട മൂത്തപിശാചുകൾ ആർത്തലച്ചു ചിരിച്ചു. ലൂസിഫർ പറഞ്ഞു: "അവനു പറയാനുള്ളത് കേൾക്കുവിൻ". കൊച്ചുപിശാച് വിനയത്തോടെ പറഞ്ഞു: "ഞാൻ ഭൂമിയിൽ ചെന്ന് 'നാളെ, നാളെ' എന്ന ഫോർമുല പഠിപ്പിക്കാം. പിന്നെ മനുഷ്യർ എല്ലാ കാര്യങ്ങളും നാളെയാക്കും. അങ്ങനെ അവർ കുഴിമടിയൻമാരാകും". ലൂസിഫറിന് ആശയം ഇഷ്ടമായി. കൊച്ചുപിശാചിനെ ഭൂമിയിലേയ്ക്കയച്ചു. അതോടെ നന്മയുടെ അളവ് താരതമേന്യ ഭൂമിയിൽ കുറഞ്ഞു.

ഇത് സൂപ്പർ ഫാസ്റ്റിന്റെ കാലം. എവിടെ നോക്കിയാലും വേഗതയുടെ ഒരു തത്ത്വശാസ്ത്രം നമുക്കു കാണാം. യാത്ര, പഠനം, സന്ദേശങ്ങൾ, ചികിത്സ, ഭക്ഷണം

# തിടുക്കത്തിന്റെ ഫോർമുല

**ജിസ കൂട്ടിയാനിയിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

എന്നുവേണ്ട ജീവിതത്തിലെ ഓരോ ചെറിയ കാര്യങ്ങൾ പോലും 'ഫാസ്റ്റ്' ആക്കാനുള്ള ശ്രമത്തിലാണ് ലോകം. ലോകം മന്ദഗതിയിലാകുന്ന ഒരേയൊരു യാത്രയേ ഉള്ളൂ. അത് ദൈവത്തിങ്കലേയ്ക്കുള്ള യാത്രയാണ്. പലപ്പോഴും ഈ യാത്രയിൽ തിടുക്കവും ഉത്സാഹവും ഉണ്ടെങ്കിലും അതവനെ ദൈവത്തിലെത്തിക്കുന്നില്ല എന്നതാണ് സത്യം. കാരണം മറ്റൊന്നല്ല. ഫാസ്റ്റ് ആയ എല്ലാറ്റിനും 'ചെലവ്' കൂടും എന്നത് തന്നെ. ലൗകിക കാര്യങ്ങൾക്കായി മുടക്കുന്ന അത്രയും ചെലവ് ആദ്ധ്യാത്മിക കാര്യങ്ങൾക്ക് കൊടുക്കാനുള്ള മടി. അവിടെ കൊച്ചു പിശാചിന്റെ ഫോർമുല നമ്മെ പിടികൂടുക എന്നത് യാഥാർത്ഥ്യം. 'നീളം കുറഞ്ഞ' കുർബാനകളും സമയം ഉള്ളപ്പോഴുള്ള കുടുംബപ്രാർത്ഥനകളും കാര്യം നേടുന്നതുവരെയുള്ള നൊവേനകളും നേർച്ചകളും എല്ലാം ദൈവികകാര്യങ്ങളെന്ന പേരിൽ ലൗകികകാര്യങ്ങൾക്ക് വഴിമാറുന്നു. അവിടെ അവന് ദൈവസാന്നിദ്ധ്യം ലഭിക്കുന്നില്ല എന്നതാണ് തെളിവായ വസ്തുത. കാരണം ദൈവികകാര്യങ്ങൾക്കുള്ള തിടുക്കത്തിന്റെ ചെലവ് സഹനമാണ് എന്നതുതന്നെ.

ഈ ക്രിസ്തുമസ്സ് കാലം നമുക്കു നല്കുന്നതും ഒരു തിടുക്കത്തിന്റെ ചൈതന്യംതന്നെ. ദൈവഹിതം അനുവർത്തിക്കുന്നതിനായി തിരക്കിടുന്നു. അതിനുവേണ്ടി യഥാർത്ഥത്തിൽ വലിയ വില നല്കുന്ന മനുഷ്യരുടെ ഒരു നിര തിരുവചനത്തിൽ നാം കാണുന്നുണ്ട്. ഉദരത്തിൽ പിറന്ന ദിവ്യഗുരുവുമായി തന്റെ ഇളയമ്മയുടെ അടുത്തേക്ക് തിടുക്കത്തിൽ യാത്രയാകുന്ന പരി. അമ്മ. അതിനവൾ ഏറ്റെടുക്കേണ്ടി വരുന്ന സഹനം നമുക്കൂഹിക്കാവുന്നതേയുള്ളു. പക്ഷേ, ആ കൂടിക്കാഴ്ച നല്കിയ ആനന്ദം വർണ്ണനാതീതമായിരുന്നു. ഉണ്ണി പിറന്നപ്പോൾ ആദ്യസന്ദേശം കിട്ടിയ ആട്ടിടയരുടെ യാത്രയും തിടുക്കത്തിലായിരുന്നു. തങ്ങളുടെ ആടുകളെ മുഴുവൻ തനിയെ ആക്കി, പാതിരാത്രിയിൽ കഠിനമായ തണുപ്പിലൂടെയുള്ള യാത്ര. പക്ഷേ അതവർക്ക് നല്കിയത് ലോകത്തിലാർക്കും ലഭിക്കാത്ത ദൈവദർശനഭാഗ്യം. ദൈവപുത്രനെ തേടിയുള്ള ജ്ഞാനികളുടെ യാത്രയും തിടുക്കത്തിൽ തന്നെ. അനേകം കാലം മരുഭൂമിയിലൂടെ അറിയില്ലാത്ത ദിക്കിലേക്കുള്ള, നക്ഷത്രത്തെ പിൻതുടർന്ന ആ യാത്രയും സഹനം ഉൾക്കൊള്ളുന്നതായിരുന്നു. മാലാഖായുടെ സന്ദേശത്തെ സ്വീകരിച്ച് വി. യൗസേപ്പും തിടുക്കത്തിൽ യാത്രതിരിക്കുന്നു. ദൈവപുത്രനെ സംരക്ഷിക്കുവാൻ ഭയവും ഭീതിയും നിറഞ്ഞ രാത്രിയിൽ അദ്ദേഹം യാത്രതിരിക്കുകയാണ്. നമുക്കും തിരിഞ്ഞൊന്നു നോക്കാം ഈ മംഗളവാർത്താകാലത്തിൽ... എന്റെ യാത്ര തിടുക്കത്തിൽ എങ്ങോട്ടാണ്? അതിന് ഞാൻ മുടക്കുന്ന വിലയെന്താണ്? ദൈവത്തെ തേടുന്നതിൽ കുട്ടിപിശാചിന്റെ ഫോർമുല ഞാൻ സ്വീകരിക്കുന്നുണ്ടോ?

പുൽക്കൂട്ടിൽ പിറന്ന ഉണ്ണി നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കട്ടെ.

## Spirituality Centre Programme

### December

| | |
|---|---|
| 02 | Social Animators |
| 09 | School of Bible |
| 12 | Bible Study Forum |
| 12-13 | Cenacle Gathering (Sodales&Aspirants) |
| 25-31 | Week of the Institute of Apostolic Oblates |




നന്മ മങ്ങാട്ട്

**ഒന്നാം ദിവ്യരഹസ്യം**: *ദൈവപദ്ധതി ഗ്രഹിക്കാൻ ബുദ്ധിമുട്ടെങ്കിലും വിശ്വാസത്തോടും സ്നേഹത്തോടുംകൂടി 'ഇതാ ഞാൻ കർത്താവിന്റെ ദാസി' എന്നു പറഞ്ഞ് ദൈവേഷ്ടത്തിനു വിധേയയായ പരിശുദ്ധ മറിയത്തെ നമുക്ക് ധ്യാനിക്കാം.*

ഓരോ മനുഷ്യമക്കളുടെയും ജിവിതത്തെ സമർപ്പിക്കാം. ദൈവേഷ്ടം തിരിച്ചറിയാനാവാത്ത നിമിഷങ്ങളിൽ ദൈവത്തിനു വിധേയപ്പെടുവാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**: *ഈശോയാൽ നിറഞ്ഞ് ഈശോയെ മറ്റുള്ളവർക്കു കൊടുത്ത പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.*

കത്തോലിക്കാ സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കാം. സഭയിലെ മക്കൾ ഈശോയെ പ്രഘോഷിക്കുന്നവരാകുവാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**: *നിശബ്ദതയിൽ, ആരാലും അറിയപ്പെടാതെ നസ്രസിൽ ജീവിച്ച ദൈവപുത്രന്റെ അമ്മയെ നമുക്കു ധ്യാനിക്കാം.*

നമ്മുടെ ജീവിതത്തെ സമർപ്പിക്കാം. ഏതു ജീവിത സാഹചര്യത്തിലും 'എളിമ' കൈവിടാതെ സുകൃതത്തിൽ  ജീവിക്കാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: *നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടക്കും എന്ന പ്രവചനം നിറവേറിയ നിമിഷങ്ങളിലെല്ലാം ഈശോയോടു ചേർന്നുനിന്ന അമ്മയെ നമുക്കു ധ്യാനിക്കാം.*

പീഡനമേൽക്കുന്ന എല്ലാ മക്കളെയും, യുദ്ധഭീകരത അനുഭവിക്കുന്ന രാഷ്ട്രങ്ങളെയും സമർപ്പിച്ചു പ്രാർത്ഥിക്കാം.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: *പ്രാർത്ഥനയിലും സമ്പൂർണ്ണ സംലഭ്യതയിലും ത്രിയേക ദൈവത്തിനു പ്രീതയായ അമ്മയെ നമുക്കു ധ്യാനിക്കാം.*

നിരവധി പ്രശ്നങ്ങളാലും രോഗങ്ങളാലും മാനസികമായും ശാരീരികമായും ആത്മീയമായും തകർന്ന മനുഷ്യരെ സമർപ്പിക്കാം. പ്രാർത്ഥനവഴി ദൈവത്തോടു ചേർന്നുനിന്നു ദൈവഹിതത്തെ സ്വീകരിക്കുവാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

# ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ



## പിതൃമൊഴി

**നിന്റെ അടുത്തുകൂടി കടന്നുപോകുന്ന ഓരോ മനുഷ്യനും നിന്റെ സഹോദരനാണ്. സാഹോദര്യസ്നേഹത്തിനു മാത്രമേ ഇന്നത്തെ ലോകത്തെ സ്വതന്ത്രമാക്കുവാൻ സാധിക്കുകയുള്ളു.**

### ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജകീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192

RNI: KERMAL/2014/59983
Published on
24th November 2017

PRATHEEKSHAYUDE POOMOTTUKAL
(Malayalam Monthly)

Registered: KL/KTM/72/2015-17
Licence No: KL/CR/KTM/WPP-43/2015-17
Licensed to post without prepayment

# പൂമൊട്ടുകൾ

"ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവേ,
നിന്റെ മഹത്ത്വത്തിന്റെ തേജസ്സും സത്തയുടെ
പ്രതിച്ഛായയുമായ ഏകജാതനെ നല്കുവാൻ തക്കവിധം
ഞങ്ങളെ അത്രയധികം സ്നേഹിച്ച പിതാവായ ദൈവമേ,
നിന്റെ ആരാധ്യമായ നാമം എന്നും വാഴ്ത്തപ്പെട്ടതാകട്ടെ.
നിന്റെ തിരുക്കുമാരനും ഞങ്ങളുടെ വംശത്തിന്റെ
സ്നേഹിതനുമായ വചനമായ ദൈവത്തെ ഹൃദയത്തിൽ
സ്വീകരിക്കുവാനും നീതിയുടെ പ്രവൃത്തികൾവഴി
ജീവിതകാലം മുഴുവൻ സ്തുതിയുടെ കീർത്തനങ്ങൾ
നിനക്കർപ്പിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമേ".

(എന്താനാ, മംഗലവാർത്തക്കാലം-ഞായർ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O,
Kottayam - 686 018, Printed at WiGi Printers, Manganam P.O,
Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published
at Spirituality Centre, Manganam P.O, Kottayam - 686 018,Ph:0481- 2578192, Email; psmktm @ gmail com.
Editor : Fr. Mathew Vellanickal